2024 DECEMBER
31
TUESDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

സ്പേഡെക്സ് വിക്ഷേപണം വിജയം

ശ്രീഹരിക്കോട്ട: ബഹിരാകാശത്തു വീണ്ടും ചരിത്രം കുറിച്ച് ഐഎസ്ആർഒ. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽനിന്നു പിഎസ്എൽവി,സി60 റോക്കറ്റ് ചരിത്രദൗത്യവുമായി കുതിച്ചുയർന്നു. സ്പേസ് ഡോക്കിങ് എക്സ്പെരിമെന്റ് എന്ന സ്പേഡെക്സ് ദൗത്യവുമായാണു റോക്കറ്റ് കുതിച്ചത്. ബഹിരാകാശത്തു ചുറ്റിത്തിരിയുന്ന 2 പേടകങ്ങൾ കൂട്ടിച്ചേർക്കുന്ന അപൂർവദൗത്യമാണു ലക്ഷ്യം. ഇതു വിജയിക്കുന്നതോടെ 'സ്പേസ് ഡോക്കിങ്' സാങ്കേതികവിദ്യയുള്ള ലോകത്തെ നാലാമത്തെ രാജ്യമായി ഇന്ത്യ മാറും.

2 ഉപഗ്രഹങ്ങൾക്കു പുറമെ 24 പരീക്ഷണോപകരണങ്ങൾകൂടി ഭ്രമണപഥത്തിലെത്തിക്കും. റോക്കറ്റിന്റെ മുകൾഭാഗത്തുള്ള ഓർബിറ്റൽ എക്സ്പെരിമെന്റൽ മൊഡ്യൂളിലാണു ഈ ഉപകരണങ്ങൾ ഭൂമിയെ ചുറ്റുക. 476 കിലോമീറ്റർ അകലെയുള്ള ഭ്രമണപഥത്തിലെത്തിക്കുന്ന ചേസർ, ടാർഗറ്റ് എന്നീ ഉപഗ്രഹങ്ങളെയാണ് ഐഎസ്ആർഒ ഡോക്ക് ചെയ്യിക്കുന്നത്. ഓരോ ഉപഗ്രഹങ്ങൾക്കും 220 കിലോഗ്രാം വീതമാണു ഭാരം. പരസ്പരം 10,15 കിലോമീറ്റർ അകലെയായി നിർത്തുന്ന ഇവയെ അടുപ്പിച്ചു കൂട്ടിച്ചേർക്കുന്നതാണു ഡോക്കിങ്. റഷ്യ, യുഎസ്, ചൈന എന്നീ രാജ്യങ്ങളാണു മുൻപ് ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. സ്വന്തമായി ബഹിരാകാശ നിലയം നിർമിക്കാനിരിക്കുന്ന ഇന്ത്യയുടെ 'ഭാരതീയ അന്തരീക്ഷ സ്റ്റേഷന്റെ' നിർമാണത്തിലും നിർണായകമാകും ഡോക്കിങ് പരീക്ഷണം. ഭ്രമണപഥത്തിലേക്ക് ഉപഗ്രഹങ്ങളെ എത്തിക്കുന്ന റോക്കറ്റുകൾ ദീർഘകാലം അവിടെ അവശിഷ്ടമായി തുടരുകയോ കടലിൽ വീഴുകയോ ആണ് പതിവ്. ഇതിനു പരിഹാരമായി പിഎസ്എൽവി റോക്കറ്റിന്റെ നാലാമത്തേതും അവസാനത്തേതുമായ ഘട്ടത്തിനെ ഉപഗ്രഹത്തിനു സമാനമായ പ്ലാറ്റ്ഫോം ആയി ഉപയോഗപ്പെടുത്തും. അതാണു പിഎസ്എൽവി ഓർബിറ്റൽ എക്സ്പെരിമെന്റ് മൊഡ്യൂൾ അഥവാ പോയം. ഇതിന്റെ നാലാം പതിപ്പിനെ ഐഎസ്ആർഒ തദ്ദേശീയമായാണു വികസിപ്പിച്ചത്.

നിമിഷപ്രിയയുടെ വധശിക്ഷയ്ക്ക് യെമൻ പ്രസിഡന്റിന്റെ അനുമതി

സന: പ്രാർഥനകളും ഇടപെടലുകളും വിഫലം; യെമൻ പൗരൻ കൊല്ലപ്പെട്ട കേസിൽ ജയിലിൽ കഴിയുന്ന മലയാളി നഴ്സ് നിമിഷപ്രിയയുടെ വധശിക്ഷ നടപ്പാക്കാൻ യെമൻ പ്രസിഡന്റ് റാഷദ് അൽ, അലിമി അനുമതി നൽകി. ഒരു മാസത്തിനകം വധശിക്ഷ നടപ്പാക്കിയേക്കും. കൊല്ലപ്പെട്ട തലാൽ അബ്ദുമെഹ്ദിയുടെ കുടുംബവുമായും അദ്ദേഹമുൾപ്പെടുന്ന ഗോത്രത്തിന്റെ തലവന്മാരുമായും മാപ്പപേക്ഷയ്ക്കുള്ള ചർച്ചകൾ വഴിമുട്ടിയതോടെയാണു ശിക്ഷ നടപ്പാക്കുന്നത് എന്നാണു വിവരം.

കഴിഞ്ഞ സെപ്റ്റംബറിൽ ഇന്ത്യൻ എംബസി നിയോഗിച്ച അഭിഭാഷകൻ അബ്ദുല്ലാ അമീർ ചർച്ചകളാരംഭിക്കാൻ രണ്ടാം ഗഡുവായി 20,000 യുഎസ് ഡോളർ കൂടി (ഏകദേശം 16.60 ലക്ഷം) ഉടൻ നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഈ തുക കൈമാറിയാലേ ചർച്ചകൾ തുടങ്ങൂ എന്ന് അറിയിച്ചതോടെ മോചനശ്രമം നിലച്ചമട്ടാണ്. ആദ്യ ഗഡുവായി 19871 ഡോളറിന്റെ ചെക്ക് ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം വഴി കഴിഞ്ഞ ജൂലൈ നാലിന് അഭിഭാഷകനു കൈമാറി. ആകെ 40,000 യുഎസ് ഡോളറാണു ചർച്ചകൾ ആരംഭിക്കാൻ വേണ്ടതെന്നും ഇതു രണ്ടു ഗഡുവായി നൽകണമെന്നും അഭിഭാഷകൻ പറഞ്ഞു.

തലാലിന്റെ കുടുംബവും ഗോത്രത്തലവന്മാരും മാപ്പു നൽകാതെ നിമിഷപ്രിയയുടെ മോചനം സാധ്യമാകില്ല. നിമിഷപ്രിയയുടെ അമ്മ പ്രേമകുമാരിയെ യെമൻ തലസ്ഥാനമായ സനായിലെത്തിച്ചിട്ട് 5 മാസമായി. സനായിൽ സേവ് ആക്ഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന പ്രവാസി സാമൂഹിക പ്രവർത്തകൻ സാമുവേൽ ജെറോമിന്റെ വസതിയിലാണു പ്രേമകുമാരി ഇപ്പോഴുള്ളത്.

മൂന്നാറിലേക്ക് ഡബിൾ ഡക്കർ ബസ് വരുന്നു; ഉദ്ഘാടനം ഇന്ന്

കോതമംഗലം: സഞ്ചാരികളുടെ പറുദീസയായ മൂന്നാറിലേക്ക് ഡബിൾ ഡക്കർ ബസ് വരുന്നു. ഔപചാരിക ഉദ്ഘാടനം ഇന്ന് വൈകീട്ട് 5 ന് ഗതാഗത വകുപ്പ് മന്ത്രി കെ.ബി. ഗണേഷ് കുമാർ തിരുവനന്തപുരത്ത് നിർവഹിക്കും.

യാത്രക്കാർക്ക് കാഴ്ചകൾ പൂർണ്ണമായും ആസ്വദിക്കാൻ കഴിയുന്ന തരത്തിൽ പൂർണ്ണമായും സുതാര്യമായ രീതിയിലാണ് ബസ് സജ്ജീകരിച്ചിട്ടുള്ളത്. കെഎസ്ആർടിസിയുടെ ഏറ്റവും പുതിയ സംരംഭമായ 'കെഎസ്ആർടിസി റോയൽ വ്യൂ' പദ്ധതിയുടെ ഭാഗമാണ് ഡബിൾ ഡക്കർ ബസ് സർവീസ്.

തിരുവനന്തപുരത്ത് നഗരക്കാഴ്ചകൾ എന്ന പേരിൽ ആരംഭിച്ച ഓപ്പൺ ഡബിൾ ഡക്കർ സർവീസുകൾ ഏറെ ജനപ്രീതി നേടിയിരുന്നു. ഇതേ മാതൃകയിലാണ് മൂന്നാറിലെ സഞ്ചാരികൾക്കായി കെഎസ്ആർടിസിയുടെ പുതുവത്സര സമ്മാനം എത്തുന്നത്. കഴിഞ്ഞ ഏപ്രിലിൽ ഡബിൾ ഡക്കർ ബസ് സർവീസിൻറെ ട്രയൽ റൺ മൂന്നാറിൽ നടന്നിരുന്നു.

iMAYAS
TILBURY
End-to-End Order Management Software
For SMEs
* Manage order booking, processing, and dispatching from a single dashboard.
* Automate invoicing and track collections effortlessly.
* Enhance customer satisfaction with a streamlined order management system.
READY TO ELEVATE YOUR BUSINESS PROCESSES ? CONTACT US NOW !
For Demo/Enquiries
connect@imayas.net
7561010557
https://imayas.biz/

ചേർത്തലയിൽ അഗ്രോ പാർക്ക് സ്ഥാപിക്കും: കൃഷി വകുപ്പ് മന്ത്രി പി പ്രസാദ്

ആലപ്പുഴ: ലോക ബാങ്കിന്റെ സഹായത്തോടെ നടപ്പാക്കുന്ന കേരപദ്ധതിയിൽ ഉൾപ്പെടുത്തി ചേർത്തലയിൽ അഗ്രോ പാർക്ക് സ്ഥാപിക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് പറഞ്ഞു. ചേർത്തല പൊലിമ കരപ്പുറം കാർഷിക കാഴ്ചകളുടെ സമാപനയോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. കേരളത്തിലെ കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യം വച്ച് നടപ്പിലാക്കുന്ന കേരപദ്ധതിയിൽ 2365 കോടി രൂപ ലോക ബാങ്ക് സഹായത്തിന് അനുമതി ലഭിച്ചു. 1980 ന് ശേഷം ഇതാദ്യമായാണ് കേരളത്തിൽ കൃഷി വകുപ്പിന് ഇത്രയും ബൃഹത്തായ ഒരു പദ്ധതി ലഭിക്കുന്നതെന്നും മന്ത്രി പറഞ്ഞു. ചേർത്തല പൊലിമയുടെ ഭാഗമായി കരപ്പുറത്തിന്റെ ചരിത്രം അനാവരണം ചെയ്യുന്ന തരത്തിൽ പ്രത്യേക പ്രദർശന മേള സംഘടിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു. കാർഷിക മേളയുടെ ഭാഗമായി 120 സ്റ്റാളുകളാണ് ഒരുക്കിയത്. കർഷകർക്ക് കൂടുതൽ വരുമാനം ലഭിക്കുന്ന ദ്വിതീയ കാർഷിക മേഖലയുമായി ബന്ധപ്പെട്ടുള്ള ഉൽപ്പന്നങ്ങളുടെ സ്റ്റാളുകൾക്കാണ് പ്രാധാന്യം നൽകിയത്. അതിലൂടെ ഒരു കോടിയിൽ അധികം രൂപയുടെ വിറ്റു വരവ് ഉണ്ടായി.

ദ്വിതീയ കാർഷിക മേഖലയിൽ ഇടപെടുന്നതിനായി കേരള അഗ്രോ ബിസിനസ് കമ്പനി കാബ്കോ ആരംഭിച്ചു. കാബ്കോയുടെ നേതൃത്വത്തിൽ കർഷകരുടെ വിളകളും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും വ്യാപാര മേഖലയെ പരിചയപ്പെടുത്തുന്നതിനും വിപണനം ചെയ്യുന്നതിനുമായി ബി ടു ബി മീറ്റ് സംഘടിപ്പിച്ചു. കാർഷിക മേഖലയിലെ സംരംഭകരുടെ ഭാവി സംരംഭങ്ങൾക്ക് അനുയോജ്യമായ വിശദമായ പദ്ധതിരേഖകൾ തയ്യാറാക്കുന്നതിനായി വിദഗ്ധസമിതിയുടെ നേതൃത്വത്തിൽ മേളയുടെ ഭാഗമായി ഡിപിആർ ക്ലിനിക് നടത്തി. മേളയുടെ ഭാഗമായി നടന്ന വിവിധ സെമിനാറുകളിൽ 1200 ലധികം കർഷകർ പങ്കെടുത്തായും മന്ത്രി അറിയിച്ചു. 2023 നടന്ന ആദ്യ കരപ്പുറം കാഴ്ചകളുടെ ഭാഗമായി തീരുമാനിച്ച ചെറുധാന്യങ്ങളുടെ സംസ്കരണശാല ചേർത്തലയിൽ ആരംഭിക്കുവാൻ പോവുകയാണ്. ചേർത്തലയിൽ നടപ്പിലാക്കിയ കൂൺ ഗ്രാമം പദ്ധതിയിലൂടെ ഔഷധ മേൻമയുള്ള കൂണുകൾ ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും.

ചേർത്തലയിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലും കിഴങ്ങ് വർഗ്ഗവിളകളുടെ പ്രദർശന തോട്ടവും വികസന പരിപാടികളും നടപ്പിലാക്കി.

തണ്ണീർമുക്കം മുഹമ്മ പഞ്ചായത്തുകളിൽ കൃഷി വിജ്ഞാൻ കേന്ദ്രയുടെ പ്രവർത്തനമാരംഭിച്ചു. എല്ലാ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റിയുടെയും സമഗ്ര വികസനം ലക്ഷ്യമിട്ട് സെമിനാറുകളിൽ ഉയർന്നവന്ന ആശയങ്ങളെ ഉൾക്കൊള്ളിച്ച് മൂന്ന് മാസത്തിനകം ചേർത്തല പൊലിമയുടെ പദ്ധതി രൂപരേഖ തയ്യാറാക്കുമെന്നും മന്ത്രി പറഞ്ഞു

കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി ജി മോഹനൻ അധ്യക്ഷത വഹിച്ചു. മുതിർന്ന കർഷകൻ പാപ്പച്ചൻ കൊച്ചുപറമ്പിൽ, കർഷക തൊഴിലാളി തോട്ടതുശേരി മദനൻ എന്നിവർ മുഖ്യാതിഥികളായിരുന്നു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻഎസ് ശിവപ്രസാദ്, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ആർ ജീവൻ, ജില്ലാ കൃഷി ഓഫീസർ സി അനിത, ഒളിമ്പ്യൻ മനോജ് ലാൽ, ഇന്ത്യൻ വെറ്റിനറി അസോസിയേഷൻ അവാർഡ് ജേതാവ് ഡോ എസ് ജയശ്രീ, സംസ്ഥാന ഫാമിംഗ് കോർപ്പറേഷൻ ചെയർമാൻ കെ ശിവശങ്കരൻ നായർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

പന്തിരുകുലാചാര്യൻ സ്വാമി ശിവാനന്ദ സരസ്വതി മഹാരാജിന് പാവക്കുളം ക്ഷേത്രത്തിൽ നൽകിയ സ്വീകരണ സമ്മേളനത്തിന് തുടക്കം കുറിച്ച് ആലുവ അദ്വൈതാശ്രമം മഠാധിപതി ധർമ്മ ചൈതന്യ ഭദ്ര ദീപ പ്രകാശനം നിർവ്വഹിക്കുന്നു. എൻ.കെ. ഉണ്ണികൃഷണൻ ബ്രമ്മശ്രി കുഞ്ഞനിയൻ നമ്പുതിരിപ്പാട്, സ്വാമി ശിവാനന്ദ സരസ്വതി മഹാരാജ്, എം.വി രവീന്ദ്രൻ എന്നിവർ സമിപം.

സ്വാമി ശിവാനന്ദ സരസ്വതി മഹാരാജിന് സ്വികരണം നൽകി

കൊച്ചി: സന്യാസ ദീക്ഷ സ്വീകരിച്ച സ്വാമി ശിവാനന്ദ സരസ്വതി മഹാരാജിന് എറണാകുളത്തപ്പന്റെ മണ്ണിൽ ഊഷ്മളമായ സ്വികരണം നൽകി.കലൂർ പാവക്കുളം മഹാക്ഷേത്ര സന്നിധിയിൽ താലപ്പൊലി,പഞ്ചവാദ്യം,,ജ്യോതി ജപം എന്നിവയുടെ അകമ്പടിയോടെ പൂർണ്ണ കുംഭം നൽകി സ്വികരിച്ചു, പന്തിരുകുല സനാതന ധർമ്മ പരിപാലന സംഘ ീ എറണാകുളം ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിലാണ് സ്വികരണം നൽകിയത്,, തുടർന്നു നൽകിയ സ്വികരണ സമ്മേളനം ഹിന്ദു ഐക്യവേദി സംസ്ഥാന പ്രസിഡന്റ് ആർ വി ബാബു ഉൽഘാടനം ചെയ്തു. സ്വാഗത സംഘം ചെയർമാൻ എൻ.കെ. ഉണ്ണികൃഷ്ണൻ അധ്യക്ഷത വഹിച്ചു.ആലുവ അദ്വൈതാശ്രമം മഠാധിപതി സ്വതി ധർമ്മ ചൈതന്യ, കാലടി തിരുവൈരാണിക്കുളം അക വുർമന ബന്മശ്രി കുഞ്ഞനിയൻ നബു തിരിപ്പാട് വിശിഷ ടാധി തിയായി. പന്തിരു കല പരമാചാര്യൻ സ്വാമി ശിവാനന്ദ സരസ്വതി മഹാരാജ് അനുഗ്രഹ പ്രഭാഷണം നടത്തി.

പെരുന്തച്ചൻ പ്രതിനിധി പ്രദിപ് പെരുന്തച്ചൻ പന്തിരു കല സനാതന ധർമ്മ പരിപാലന സംഘം പ്രസിഡന്റ് കെ.ആർ. പവിത്രൻ, വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന ട്രഷറർ വി. ശ്രി കുമാർ, സ്വാഗത സംഘം സെക്രട്ടറി ബാബുലാൽ കെ.ടി., സംഘം വർക്കിംഗ് പ്രസിഡന്റ് എം.വി.രവീന്ദ്രൻ, പി.എം. വേലായുധൻ, പി കെ ശിവദാസൻ തുടങ്ങിയവർ പ്രസംഗിച്ച, സ്വാഗത സഘം ജനറൽ കൺവീനർ സി. കെ.സുരേഷ് സ്വാഗതവും സ്വാഗ സംഘം ഫിനാൻസ് കൺവീനർ കെ.പി. കഞ്ഞു മോൻ നന്ദിയും പ്രകാശിപ്പിച്ചു.

പ്രഭാഷകരുടെ വേദിയാകാൻ നിയമസഭ പുസ്തകോത്സവം

തിരുവനന്തപുരം : കാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സമഗ്രമായ കാഴ്ചപ്പാടുകൾ സംവദിക്കാൻ രാഷ്ട്രീയ സാംസ്കാരിക സാമൂഹിക രംഗങ്ങളിലെ പ്രതിഭകൾ നിയമസഭ പുസ്തകോത്സവത്തിൽ അണിനിരക്കും. കേരള നിയമസഭയുടെ ആഭിമുഖ്യത്തിൽ ജനുവരി 7 മുതൽ 13 വരെ സംഘടിപ്പിക്കുന്ന പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പിലാണ് എഴുത്തുകാർ ഉൾപ്പെടെയുള്ള ദേശീയ അന്തർദേശീയ പ്രമുഖർ പ്രഭാഷകരായെത്തുന്നത്.

ആദ്യ ദിനത്തിൽ ദേവദത്ത് പട്നായിക്കും ബൃന്ദാ കാരാട്ടുമാണ് ടോക്ക് സെഷന് തുടക്കമിടുന്നത്. തുടർന്നുള്ള ദിവസങ്ങളിൽ ശശി തരൂർ എം പി, വ്യവസായ മന്ത്രി പി രാജീവ്, ബോബി ജോസ് കട്ടിക്കാട്, എസ് എം വിജയാനന്ദ്, കൃഷ്ണകുമാർ, ജോസഫ് അന്നംകുട്ടി ജോസ്, എ എം ഷിനാസ് തുടങ്ങിയവർ സംവദിക്കും.

ഒരു ജനാധിപത്യവാദിയുടെ ആകുലതകളെക്കുറിച്ച് പ്രതിപക്ഷ നേതാവ് വി ഡി സതീശനും ഇന്ത്യയുടെ സാഹിത്യ പൈതൃകത്തെക്കുറിച്ച് ഡോ കെ ശ്രീനിവാസ റാവുവും ആരോഗ്യ മേഖലയിലെ സാങ്കേതിക രംഗത്തെ മുന്നേറ്റത്തെക്കുറിച്ച് ഡോ സതീഷ് ബാലസുബ്രഹ്മണ്യവും സംസാരിക്കും. ഇന്ത്യയിലെ നവീകരിക്കപ്പെടുന്ന ജനാധിപത്യം : പഠിച്ച പാഠങ്ങൾ എന്ന വിഷയത്തിൽ രാധാകുമാറും സിംഗിൾ മദേർസ് ഇൻ ഇതിഹാസാസ് എന്ന വിഷയത്തിൽ പ്രൊഫ. സി മൃണാളിനിയും പ്രഭാഷണം നടത്തും. വായനയേയും മാനസിക ആരോഗ്യത്തേയും മുൻനിർത്തി ഡോ ദിവ്യ എസ് അയ്യരും പുസ്തകങ്ങളും മനുഷ്യരും എന്ന വിഷയത്തിൽ സുനിൽ പി ഇളയിടവും സംസാരിക്കും.

വായനയാണ് ലഹരി എന്ന പ്രമേയത്തിൽ ചിട്ടപ്പെടുത്തുന്ന പുസ്കോത്സവത്തിൽ 350 പുസ്തക പ്രകാശനങ്ങളും 60 ലധികം പുസ്തക ചർച്ചകളും നടക്കും. പാനൽ ചർച്ചകൾ, ഡയലോഗ്, മീറ്റ് ദ ഓതർ, സ്മൃതിസന്ധ്യ, കവിയരങ്ങ്, കഥാപ്രസംഗം, കവിയും കവിതയും, കഥയരങ്ങ്, ഏകാംഗനാടകം, സിനിമയും ജീവിതവും തുടങ്ങി വിവിധ വിഭാഗങ്ങളിൽ 70ലധികം പരിപാടികൾക്ക് വേദിയാകും. ദിവസവും വൈകിട്ട് 7 മുതൽ വിവിധ മാധ്യമങ്ങളുടെ നേതൃത്വത്തിലുള്ള മെഗാ ഷോയുമുണ്ടാവും. പുസ്തകോത്സവത്തിൽ പങ്കെടുക്കുന്നതിനും നിയമസഭ കാണുന്നതിനും പൊതുജനങ്ങൾക്ക് അവസരമുണ്ട്.

പുതുവത്സര വിപണിയിൽ കർശന ഭക്ഷ്യ സുരക്ഷാ പരിശോധന

തിരുവനന്തപുരം: പുതുവത്സര വിപണിയിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനകൾ കർശനമാക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ക്രിസ്തുമസ് പുതുവത്സര സീസണിൽ വിതരണം നടത്തുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുടെ സ്പെഷ്യൽ സ്ക്വാഡുകൾ വിപുലമായ പരിശോധനകൾ നടത്തി. സംസ്ഥാന വ്യാപകമായി 252 സ്ക്വാഡുകളുടെ നേതൃത്വത്തിൽ 2861 പരിശോധനകളാണ് പൂർത്തിയാക്കിയത്. മാനദണ്ഡങ്ങൾ പാലിക്കാത്ത 49 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു. 343 സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസും നൽകി. 306 സ്റ്റ്യാറ്റിയൂട്ടറി സാമ്പിളുകളും 743 സർവൈലൻസ് സാമ്പിളുകളും പരിശോധനയ്ക്കായി ശേഖരിച്ചു. പരിശോധനകൾ കർശനമായി തുടരുമെന്നും മന്ത്രി വ്യക്തമാക്കി.

കേക്ക്, വൈൻ, മറ്റുള്ള ബേക്കറി വസ്തുക്കൾ നിർമ്മിക്കുന്ന ബോർമകൾ, ബേക്കറി, മറ്റ് ചെറുകിട സംരംഭങ്ങൾ എന്നിവിടങ്ങളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരം ഉറപ്പാക്കുന്നതിന് കൂടുതൽ ശ്രദ്ധ നൽകി. കേക്ക്, കേക്ക് നിർമ്മാണത്തിന് ഉപയോഗിക്കുന്ന വിവിധ അസംസ്കൃത വസ്തുക്കൾ ആൽക്കഹോളിക് ബിവറേജ്, ഐസ്ക്രീം, ശർക്കര, വെളിച്ചെണ്ണ തുടങ്ങിയവ പരിശോധനയ്ക്ക് വിധേയമാക്കി.

കൂടാതെ ഏറ്റവും കൂടുതൽ വിറ്റഴിക്കുന്ന മത്സ്യ, മാംസ ഉത്പ്പന്നങ്ങളുടെ വിപണന കേന്ദ്രങ്ങളും പരിശോധിച്ചു. മത്സ്യ മൊത്തക്കച്ചവട കേന്ദ്രങ്ങളിലും ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുടെ നേതൃത്വത്തിൽ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിച്ചു.

ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ ഏകോപനത്തിൽ ഭക്ഷ്യ സുരക്ഷാ ജോയിന്റ് കമ്മീഷണർ ജേക്കബ് തോമസ്, ഡെപ്യൂട്ടി കമ്മീഷണർ എസ്. അജി എന്നിവർ പരിശോധനകൾക്ക് നേതൃത്വം നൽകി.

വെങ്ങോല സമൃദ്ധി ഗ്രാമത്തിൽ വച്ച് സംഘടിപ്പിച്ച 'ഒ.കെ.എസ്.കെ. കരാട്ടെ സ്കൂളിന്റെ 35മത് ബ്ളാക് ബെൽറ്റ് സെറിമണി വേളയിൽ പ്രൊബേഷനറി സബ് ഇൻസ്പെക്ടർമാരായ ഗൗതം എസ്., അരുൺ വി.എസ്., ജനസേവ ശിശു ഭവൻ ചെയർമാനും സീനിയർ കായിക താരവുമായ ജോസ് മാവേലി, കരാട്ടെ ഇൻസ്ട്രക്ടർമാരായ എ. എസ്. സുരേന്ദ്രൻ, എസ് രവീചന്ദ്രൻ തുടങ്ങിയവർ

ഒ.കെ.എസ് കെ. കരാട്ടെ സ്കൂൾ: ബ്ളാക് ബെൽറ്റ് സെറിമണി സംഘടിപ്പിച്ചു

പെരുമ്പാവൂർ: ഒ.കെ.എസ്.കെ കരാട്ടെ സ്കൂൾ 35 മത് ബ്ലാക് ബെൽറ്റ് വിതരണ ചടങ്ങ് സംഘടിപ്പിച്ചു. പെരുമ്പാവൂർ സ്റ്റേഷൻ പ്രൊബേഷനറി സബ് ഇൻസ്പെക്ടർമാരായ ഗൗതം എസ്., അരുൺ വി.എസ്. എന്നിവരാണ് ബ്ലാക്ക് ബെൽറ്റ് വിതരണം നടത്തിയത്. ചടങ്ങിൽ ദേശീയ വെറ്ററൻ ചാമ്പ്യൻ ജോസ് മാവേലി അദ്ധ്യക്ഷനായിരുന്നു. മദ്യം, മയക്ക്മരുന്ന്, ഓൺലൈൻ അഡിക്ഷൻ തുടങ്ങിയ സാമുഹ്യ വിപത്തുകളിൽ നിന്നും ആരോഗ്യമുള്ള ഒരു ഭാവി തലമുറയെ വാർത്തെടുക്കുന്നതിന് കാരട്ടെ പോലെയുള്ളവയുടെ സ്വാധീനം വലുതാണെന്ന് സെറിമണി ഉദ്ഘാടനം ചെയ്ത ഗൗതം എസ്. ഓർമിപ്പിച്ചു. ദീർഘകാല പരിശീലനത്തിലൂടെ മികവ് തെളിയിച്ച വനിതകളടക്കമുള്ള 20 കരാട്ടികർക്കാണ് കരാട്ടെയിലെ ഉന്നത അംഗീകാരമായ ബ്ലാക്ക് ബൽറ്റ് ലഭിച്ചത്. കരാട്ടെ ഇൻസ്ട്രക്ടർമാരായ എ. എസ്. സുരേന്ദ്രൻ, എ.എസ്. രവിചന്ദ്രൻ എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം വഹിച്ചു.

തൃക്കുന്നത്ത് സെഹിയോൻ സെൻറ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിലെ ശിലാസ്ഥാപന പെരുന്നാളിന് വികാരി ഫ. കുര്യാക്കോസ് ആൻഡ്രൂസ് കൊടി കയറ്റുന്നു.

തൃക്കുന്നത്ത് സെഹിയോൻ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിലെ ശിലാസ്ഥാപന പെരുന്നാൾ

മൂവാറ്റുപുഴ : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലുൾപ്പെട്ട കുന്നയ്ക്കാൽ തൃക്കുന്നത്ത് സെഹിയോൻ സെൻറ് ജോർജ് ഓർത്തഡോക്സ് പഴയ സുറിയാനി പള്ളിയുടെ ശിലാസ്ഥാപന പെരുന്നാൾ 2024 ഡിസംബർ 31, 2025 ജനുവരി 01 (ചൊവ്വ, ബുധൻ) തീയതികളിൽ നടത്തുന്നു. പെരുന്നാൾ ശുശ്രൂഷകൾക്ക് പൗരസ്ത്യ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തായുമായ പരി. മോറാൻ മാർ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതിയൻ കാതോലിക്കാ ബാവ മുഖ്യ കാർമ്മികത്വം വഹിക്കും. പെരുന്നാൾ ശുശ്രൂഷകളിൽ നേർച്ച കാഴ്ചകളോടെ സംബനന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

മത്സ്യങ്ങൾക്കുള്ള ഹെർബൽ നാനോ ഫീഡിന് 45 ലക്ഷം രൂപയുടെ അന്താരാഷ്ട്ര ഗ്രാന്റ് നേടി കുസാറ്റ് പ്രൊഫസർ

കൊച്ചി: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ മറൈൻ സയൻസസ് സ്കൂൾ, മറൈൻ ബയോളജി, മൈക്രോബയോളജി, ബയോകെമിസ്ട്രി വിഭാഗത്തിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. പുന്നടത്ത് പ്രീതം ഇ.യ്ക്ക് അന്താരാഷ്ട്ര സഹകരികളുടെ സഹകരണത്തിൽ എഎസ്ഇഎഎൻ സയൻസ് ആൻഡ് ടെക്നോളജി വകുപ്പിൻറെ ധനസഹായത്തോടെ പ്രോജക്ട് ഗ്രാന്റ് ലഭിച്ചു. 2 വർഷം ദൈർഘ്യമുള്ള ഈ പ്രോജക്ടിന് 45 ലക്ഷം രൂപയാണ് തുകയായി ലഭിച്ചത്. തായ്ലൻഡിലെ ചുലോം കോൺ സർവകലാശാല, ബയോടെക്നോളജി സെന്റർ ഓഫ് ഹോ ചി മിൻ സിറ്റി, വിയറ്റ്നാം, മലേഷ്യയിലെ യൂണിവേഴ്സിറ്റി ഓഫ് പുത്ര. എന്നിവർ ചേർന്ന് എഎസ്ഇഎഎൻഇന്ത്യ സയൻസ് ആൻഡ് ടെക്നോളജി ഡെവലപ്മെന്റ് ഫണ്ടിന്റെ പിന്തുണയോടെ മത്സ്യങ്ങളുടെ ആരോഗ്യവും വളർച്ചയും അഭിവൃദ്ധിപ്പെടുത്താനെയി ഹെർബൽ നാനോ ഫീഡ് വികസിപ്പിച്ചെടുക്കുന്നതിനായുള്ള പ്രോജക്ടിനാണ് ഗ്രാന്റ് ലഭിച്ചത്.ഇന്ത്യയിലും മറ്റ് ഏഷ്യൻ രാജ്യങ്ങളിലുമുള്ള മത്സ്യചെമ്മീൻ കൃഷി വ്യവസ്ഥകളുടെ ദീർഘകാല സുസ്ഥിരത ഉറപ്പാക്കുന്നതിനായി നാനോ ടെക്നോളജിയുടെ അടിസ്ഥാനത്തിൽ പോളിഹെർബൽ ഫീഡ് ഫോർമുലകൾ വികസിപ്പിച്ച് മത്സ്യങ്ങൾക്കും ചെമ്മീനും രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുക എന്നതാണ് പ്രോജക്ടിൻറെ ലക്ഷ്യം. മത്സ്യചെമ്മീൻ കൃഷിയിൽ സാധാരണയായി കാണപ്പെടുന്ന ബാക്ടീരിയൽ, ഫംഗൽ സാംക്രമികരോഗ പ്രശ്നങ്ങൾക്ക് നാനോ ഫീഡ് പരിഹാരം കണ്ടെത്തുന്നു. ഫീഡ് ഡെലിവറിക്ക് മുന്നേറ്റം നൽകുന്ന ഒരു നൂതന നാനോ ബയോടെക്നോളജി പ്ലാറ്റ്ഫോം രൂപപ്പെടുത്താനും, ഉയർന്ന പോളിഹെർബൽ ഫീഡുകൾ രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കാനും, പ്രാഥമിക രോഗബാധ തടയാനും, ഫലപ്രദമായ വാക്സിനുകളും സാമ്പത്തികപരമായ ഫീഡ് സാങ്കേതികവിദ്യകളും വികസിപ്പിക്കുന്നതിനും ഈ പ്രോജക്ട് സഹായകമാകുന്നു.

SANDEEP SHASTRI
Director-Academics NITTE Education Trust Bangalore
on
EDUCATION FOR 21st CENTURY NEEDS
WITH FOCUS ON TEACHING TO LEARNING PARADIGM
Monday 30 December 2024 at 4:30 pm
BHARATIYA VIDYA BHAVAN

ഡോ. കെ എം മുൻഷി സ്മാരക പ്രഭാഷണം ഡോ. സന്ദീപ് ശാസ്ത്രി നിർവഹിക്കുന്നു. ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്ര ഡയറക്ടർ ഇ രാമൻ കുട്ടി, ചെയർമാൻ വേണുഗോപാൽ സി ഗോവിന്ദ്, ഹോണററി സെക്രട്ടറി കെ ശങ്കരനാരായണൻ എന്നിവർ സമീപം

കെ എം മുൻഷി അനുസ്മരണ പ്രഭാഷണം നടത്തി

കൊച്ചി: അധ്യാപനം അതിമനോഹരമാണെങ്കിലും പഠനം അതിശയകരമാണെന്ന് ബംഗളൂരു എൻ ഐ ടി ടി ഇ എജുക്കേഷൻ ട്രസ്റ്റ് അക്കാദമിക്സ് ഡയറക്ടർ ഡോ. സന്ദീപ് ശാസ്ത്രി പറഞ്ഞു. 21ാം നൂറ്റാണ്ടിന്റെ ആവശ്യങ്ങൾക്കായി വിദ്യാഭ്യാസം അധ്യാപനത്തിൽ നിന്ന് പഠന മാറ്റത്തിലേക്ക് എന്ന വിഷയത്തിൽ ആറാമത് കുലപതി ഡോ. കെ എം മുൻഷി സ്മാരക പ്രഭാഷണം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ നാല് പതിറ്റാണ്ടിലേറെയായി താൻ വിദ്യാർഥികളിൽ നിന്നും പഠിക്കാനാണ് ശ്രമിക്കുന്നതെന്നും വിദ്യാർഥികൾക്ക് തന്റെ അനുഭവങ്ങൾ പങ്കുവെക്കുകയാണ് ചെയ്യുന്നതെന്നും

അദ്ദേഹം പറഞ്ഞു. ഒരിക്കലും പഠനം നിർത്താൻ പാടില്ല, കാരണം ജീവിതം ഒരിക്കലും പഠിപ്പിക്കുന്നത് നിർത്തുന്നില്ല. പുതിയ കാലത്ത് പഠിക്കാനെത്തുന്നവർക്ക് അവർ കണ്ടെത്തുന്ന വിവരങ്ങൾക്ക് പുതിയ അർഥങ്ങളും വഴികളും കാണിച്ചുകൊടുക്കാൻ സാധിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തെ കെ എം മുൻഷി വിശേഷിപ്പിച്ചത് രാഷ്ട്രീയ ജാതകം എന്നായിരുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്ര ചെയർമാൻ വേണുഗോപാൽ സി ഗോവിന്ദ് അധ്യക്ഷത വഹിച്ചു. ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്ര ഡയറക്ടർ ഇ രാമൻ കുട്ടി സ്വാഗതവും ഹോണററി സെക്രട്ടറി കെ ശങ്കരനാരായണൻ നന്ദിയും പറഞ്ഞു. അമ്പാട്ട് വിജയകുമാർ, ഗോപിനാഥൻ, ശങ്കര നാരായണൻ, മോഹനൻ, മീന വിശ്വനാഥൻ എന്നിവർ പങ്കെടുത്തു.

സംസ്ഥാന സ്കൂൾ കലോൽസവം: വിഭവസമാഹരണത്തിലൂടെ ശേഖരിച്ച ഭക്ഷ്യ വസ്തുക്കൾ മന്ത്രി ഏറ്റുവാങ്ങി

തിരുവനന്തപുരം: സംസ്ഥാന സ്കൂൾ കലോത്സവത്തിലെ ഭക്ഷണ വിതരണത്തിനായി വിദ്യാലയങ്ങളിൽ നിന്നുള്ള വിഭവ സമാഹരണത്തിലൂടെ ശേഖരിച്ച ഭക്ഷ്യ വസ്തുക്കൾ കൈമാറുന്ന ചടങ്ങ് കോട്ടൺ ഹിൽ ഹയർ സെക്കണ്ടറി സ്കൂളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു.

വിദ്യാർഥികൾ ശേഖരിച്ച ഭക്ഷ്യ വസ്തുക്കൾ കോട്ടൺ ഹിൽ സ്കൂളിലെ വിദ്യാർഥിനികൾ മന്ത്രി ക്ക് കൈമാറി. കടകംപള്ളി സുരേന്ദ്രൻ എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഭക്ഷണകമ്മിറ്റി കൺവീനർ എ നജീബ് സ്വാഗതം ആശംസിച്ചു.ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷൈലജാ ബീഗം, കെ ബദറുന്നീസ, വിദ്യാഭ്യാസ വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ സുബിൻ പോൾ, ഡി ഇ ഒ ബിജു, എ ഇ ഒ രാജേഷ് ബാബു പി ടി എ പ്രസിഡന്റ് അര്യൺ മോഹൻ, പ്രിൻസിപ്പൽ ഹെഡ്മിസ്ട്രസ് ജി ഗീത, അഡീഷണൽ ഹെഡ്മിസ്ട്രസ് എസ് അനിത എന്നിവർ സംബന്ധിച്ചു കോട്ടൺ ഹിൽ ജി ജി എച്ച് എസ് എസ് പ്രിൻസിപ്പൽ വി ഗ്രീഷ്മ ചടങ്ങിന് നന്ദി അറിയിച്ചു.

ഡോ. അനീസ്റാണി ഡെൽഫിയക്ക് യുവ ശാസ്ത്രജ്ഞക്കുള്ള പുരസ്കാരം

കൊച്ചി: 2025ലെ നാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ സയൻസിന്റെ (നാസ്) യുവ ശാസ്ത്രജ്ഞക്കുള്ള അവാർഡിന് കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ സിഫ്റ്റിലെ ശാസ്ത്രജ്ഞയായ ഡോ. അനീസ് റാണി ഡെൽഫിയ ഡി എസ് അർഹയായി.

അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ്, ടെക്നോളജി എന്നീ മേഖലകളിലുള്ള ഡോ. ഡെൽഫിയയുടെ സംഭാവനകൾക്കാണ് അവാർഡ്. പ്രശസ്തി പത്രം ഉൾപ്പെടുന്ന അവാർഡ് 2025 ജൂൺ 05 ന് ന്യൂഡൽഹിയിലെ ചഅടഇ കോംപ്ലക്സിൽ നടക്കുന്ന അക്കാദമിയുടെ വാർഷിക ജനറൽ ബോഡി യോഗത്തിൽ സമ്മാനിക്കും.

ഇശൽ ഫെസ്റ്റ് അഞ്ചിന്

വൈപ്പിൻ: ഫോക്ലോർ ഫെസ്റ്റിന്റെ ഭാഗമായി ഇശൽ ഫെസ്റ്റ് ജനുവരി അഞ്ചിന് രാവിലെ 10 മുതൽ എടവനക്കാട് എ എ സെയ്തു മുഹമ്മദ് റോഡിലെ എസ് എൻ സംഘം ഓഡിറ്റോറിയത്തിൽ നടക്കും. പ്രസിദ്ധ മാപ്പിളപ്പാട്ട് കലാകാരൻ റഷീദ് മോങ്ങത്തിന്റെ പാട്ടും പറച്ചിലും, പരിപാടിക്ക് ശോഭ പകരും.

വൈപ്പിൻ എംഎൽഎ കെ എൻ ഉണ്ണിക്കൃഷ്ണന്റെ നേതൃത്വത്തിൽ നടത്തുന്ന ഇശൽ ഫെസ്റ്റിൽ എടവനക്കാട് ഗ്രാമപഞ്ചായത്തും സഹകരിക്കുന്നുണ്ട്. ജനകീയ കലാരൂപങ്ങളായ ഒപ്പന, മാപ്പിളപ്പാട്ട്, കോൽക്കളി എന്നിവയിൽ സംസ്ഥാന തല മത്സരമാണ് ഇശൽ ഫെസ്റ്റിലുള്ളത്. മത്സരങ്ങളിൽ പങ്കാളികളാകുന്നവർക്ക് സർട്ടിഫിക്കറ്റും വിജയിക്കുന്നവർക്ക് ക്യാഷ് പ്രൈസും ഉൾപ്പെടെ ഇശൽ ഫെസ്റ്റിൽ സമ്മാനിക്കും.

സബ് ജൂനിയർ12 വയസ്സ് വരെ, ജൂനിയർ 13 18വരെ, സീനിയർ18 മുകളിൽ 50 വയസ്സ് വരെ, സീനിയർ സീനിയർ 50 ന് മുകളിൽ എന്നിങ്ങനെ വിവിധ വിഭാഗങ്ങളായി തിരിച്ചാണ് മാപ്പിളപ്പാട്ട് മത്സരം. മാപ്പിള കലാരൂപങ്ങൾ അവതരിപ്പിക്കാനും അവസരമുണ്ടാകും.

കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ സന്നിഹിതനാകുന്ന ഇശൽ ഫെസ്റ്റ് ചലച്ചിത്ര നടൻ മജീദ് ഉദ്ഘാടനം ചെയ്യും. എടവനക്കാട് പഞ്ചായത്ത് പ്രസിഡന്റ് അസീന അബ്ദുൾ സലാം, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ എ സാജിത്ത്, വൈസ് പ്രസിഡന്റ് വി കെ ഇക്ബാൽ, കരോക്കെ ഗാനമേള കലാകാരൻ അബ്ദുൾ ഗഫൂർ, മാപ്പിള കലാകാരൻ സിറാജുദ്ദീൻ, മുൻപഞ്ചായത്ത് പ്രസിഡന്റ് കെ യു ജീവൻ മിത്ര, പഞ്ചായത്തംഗങ്ങളായ കെ ജെ ആൽബി, ബിന്ദു ബെന്നി, സുനൈന സുധീർ, സിഡിഎസ് ചെയർപേഴ്സൺ ഗിരിജ ഷാജി ഉൾപ്പടെ സാമൂഹ്യ സാംസ്കാരിക രംഗത്തെ പ്രഗത്ഭർ അണിനിരക്കും. കൂടുതൽ വിവരങ്ങൾക്കായി ഈ നമ്പരിൽ ബന്ധപ്പെടുക9744555359.

രണ്ടാംവിള നെല്ല് സംഭരണം: കർഷക രജിസ്ട്രേഷൻ നാളെ മുതൽ

കൊച്ചി: സപ്ലൈകോ വഴി നടപ്പിലാക്കുന്ന നെല്ല് സംഭരണ പദ്ധതിയുടെ 2024 25 സീസണിലെ രണ്ടാംവിള ഓൺലൈൻ കർഷക രജിസ്ട്രേഷൻ നാളെ (ജനുവരി 1) മുതൽ ആരംഭിക്കും. കർഷകർ www.supplycopaddy.in എന്ന വെബ്സൈറ്റിൽ രജിസ്ട്രേഷൻ നടത്തേണ്ടതാണ്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങളും വ്യവസ്ഥകളും ഈ വെബ്സൈറ്റിൽ ലഭ്യമാണ്.

148ാമത് മന്നം ജയന്തി ആഘോഷങ്ങൾ പെരുന്നയിൽ നാളെ ആരംഭിക്കും

ചങ്ങനാശേരി: ജനുവരി ഒന്ന്, രണ്ട് തീയതികളിൽ പെരുന്നയിൽ നടക്കുന്ന സമുദായാചാര്യൻ മന്നത്ത് പത്മനാഭൻറെ 148ാമത് ജയന്തി ആഘോഷങ്ങൾക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായി. പെരുന്ന എൻഎസ്എസ് ഹൈസ്കൂൾ ഗ്രൗണ്ടിൽ കേരളീയത്തനിമയിൽ കമനീയമായ പന്തൽ ഒരുങ്ങിക്കഴിഞ്ഞു. 35,000ൽ അധികം പേർക്ക് ഇരുന്ന് സമ്മേളനത്തിൽ പങ്കെടുക്കാവുന്ന പന്തലാണ് സജ്ജമായത്.എൻഎസ്എസ് ആസ്ഥാനമന്ദിരവും പരിസരവും ദീപാലങ്കാരങ്ങളാൽ മനോഹരമാക്കിയിട്ടുണ്ട്. നാളെ രാവിലെ 6.30 മുതൽ ഭക്തിഗാനാലാപനം. ഏഴുമുതൽ മന്നം സമാധിയിൽ പുഷ്പാർച്ചന. 10.15ന് അഖില കേരള നായർ പ്രതിനിധി സമ്മേളനത്തിൽ എൻഎസ്എസ് ജനറൽ സെക്രട്ടറി ജി.സുകുമാരൻ നായർ വിശദീകരണം നടത്തും. എൻഎസ്എസ് പ്രസിഡൻറ് ഡോ. എം. ശശികുമാർ അധ്യക്ഷത വഹിക്കും. വൈകുന്നേരം മൂന്നിന് ചെങ്കോട്ട ഹരിഹര സുബ്രഹ്മണ്യം അവതരിപ്പിക്കുന്ന സംഗീതക്കച്ചേരി. 6.30ന് നടി രമ്യാ നമ്പീശൻ അവതരിപ്പിക്കുന്ന നൃത്തസന്ധ്യ. രാത്രി ഒമ്പതിന് കഥകളി.എൻഎസ്എസ് പ്രസിഡൻറ് ഡോ.എം.ശശികുമാർ അധ്യക്ഷത വഹിക്കും. കെ. ഫ്രാൻസിസ് ജോർജ് എംപി അനുസ്മരണ പ്രഭാഷണം നടത്തും.

2025 പുതുവർഷ ആഘോഷം: ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തി

കൊച്ചി: 2025 പുതുവർഷ ആഘോഷങ്ങളോടനുബന്ധിച്ച് ചെറായി, കുഴുപ്പിള്ളി, മുനമ്പം ബീച്ചുകളിൽ എത്തിച്ചേരുന്ന ജനങ്ങളുടെ തിരക്ക് പരിഗണിച്ച് മുനമ്പം പോലീസ് ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഡിസംബർ 31 തീയതി ഉച്ചക്ക് 2 മണിക്ക് ശേഷം വൈപ്പിൻ മുനമ്പം സംസ്ഥാനപാതയിൽ നിന്നും ബീച്ച് റോഡുകൾ വഴി ബീച്ച് ഭാഗത്തേക്ക് ബസ് / ട്രാവലർ മുതലായ വാഹനങ്ങൾക്ക് പ്രവേശനം അനുവദിക്കുന്നതല്ല.

ചെറായി ബീച്ചിലെത്തി ഇടതു ഭാഗത്തേക്ക് തിരിയുന്ന കാർ മുതലുള്ള വാഹനങ്ങൾ റോഡിന്റെ ഇടതുഭാഗത്ത് മാത്രം, സൗകര്യമുള്ള ഇടങ്ങളിൽ മാത്രം പാർക്ക് ചെയ്യേണ്ടതും മടങ്ങിപ്പോകുന്ന സമയം മുന്നോട്ടു മാത്രം സഞ്ചരിച്ച് രക്തേശ്വരി ബീച്ച് റോഡ്, കുഴുപ്പിള്ളി പള്ളത്താംകുളങ്ങര ബീച്ച് റോഡ് എന്നീ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനപാതയിൽ എത്തി മടങ്ങി പോകേണ്ടതാണ്.

പ്രധാന റോഡിൽ നിന്നും ബീച്ച് റോഡിലെ ബീച്ച് ജംഗ്ഷനിൽ എത്തി വടക്ക് ഭാഗത്തേക്ക് തിരിയുന്ന വാഹനങ്ങൾ റോഡിൻറെ ഇടതുഭാഗത്ത് സൗകര്യമുള്ളയിടത്ത് മാത്രം പാർക്ക് ചെയ്യേണ്ടതും മുന്നോട്ടു മാത്രം സഞ്ചരിച്ച് മുനമ്പം ബീച്ച് റോഡ് ഐ. ആർ വളവ് വഴി സംസ്ഥാനപാതയിൽ പ്രവേശിച്ച് പുറത്തേക്ക് പോകേണ്ടതുമാണ്. കരുത്തലയിൽ നിന്നും പടിഞ്ഞാറോട്ട് ഉള്ള ബീച്ച് റോഡിലൂടെ നിയന്ത്രിതമായി വൺവേ ഗതാഗതം ആയിരിക്കുന്നതാണ്.ഈ റോഡിലൂടെ ഓട്ടോറിക്ഷ ടൂവീലറുകൾ മാത്രമേ പ്രധാന റോഡിലേക്ക് പോകാൻ അനുവദിക്കുകയുള്ളൂ

ഈ വഴിയിലൂടെ പുറത്തേക്കുള്ള കാറുകൾ മുതലായ വാഹനങ്ങളുടെ ഗതാഗതം അനുവദിക്കുന്നതല്ല.

ചെറായി ബീച്ചിലെ ഹോംസ്റ്റേകൾ റിസോർട്ടുകൾ എന്നിവിടങ്ങളിൽ മുറികൾ ബുക്ക് ചെയ്തിട്ടുള്ളവർ മൂന്നുമണിക്ക് മുൻപെങ്കിലും റിസോർട്ടുകളിൽ ചെക്ക് ഇൻ ചെയ്യേണ്ടതാ ണ് .

വൈകിട്ട് തിരക്ക് അധികരിക്കുന്നത് അനുസരിച്ച് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയാൽ ബീച്ചിലേക്കുള്ള പ്രവേശനം പരിമിതപ്പെടുത്തേണ്ടതായി വന്നേക്കാം.

ബീച്ചിൽ മദ്യപാനം, മറ്റു ലഹരിവസ്തുക്കളുടെ ഉപയോഗം എന്നിവ കണ്ടെത്തുന്നതിന് ഷാഡോ പോലീസിനെ നിയോഗിക്കുന്നുണ്ട്.

കൂടാതെ വാഹനങ്ങളിലും ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതും കടത്തുന്നതും കണ്ടെത്തുന്നതിനുള്ള കർശന പരിശോധന ഉണ്ടായിരിക്കുന്നതാണ്.

പൊതുസ്ഥലങ്ങളിലും നിർത്തിയിട്ട വാഹനങ്ങളിലും അമിത ശബ്ദത്തിൽ ഉച്ചഭാഷിണികൾ പ്രവർത്തിപ്പിക്കുന്നതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതും ഉപകരണങ്ങൾ കണ്ടുകെട്ടുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. അനധികൃതമായി പാർക്ക് ചെയ്ത് ഗതാഗത തടസ്സം ഉണ്ടാക്കുന്ന വാഹനങ്ങൾ ക്രെയിൻ ഉപയോഗിച്ച് നീക്കം ചെയ്യുന്നതും ആയതിന്റെ ചിലവ് പ്രസ്തുത വാഹന ഉടമകളിൽ നിന്നും ഈടാക്കുന്നതും ആണ് .

കുടുംബമായി എത്തുന്ന സന്ദർശകർ കുട്ടികൾ കൈവിട്ടു പോകാതെ പ്രത്യേകം ശ്രദ്ധിക്കണം എന്ന് പോലീസ് അറിയിച്ചു.കുട്ടികളോ കൂട്ടുകാരോ കൂട്ടംതെറ്റി പോയാൽ ഇരുവരും ബീച്ച് ജംഗ്ഷന് സമീപമുള്ള ജനകീയ വായനശാലയുടെ മുന്നിലെത്തി പരസ്പരം കണ്ടെത്തുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്.

തിരക്ക് നിയന്ത്രണത്തിനുവേണ്ടി ഏർപ്പെടുത്തുന്ന ക്രമീകരണങ്ങളോട് തദ്ദേശവാസികൾ സഹകരിക്കണമെന്ന് പോലീസ് അഭ്യർത്ഥിച്ചു.ധ6:52 ു, 30/12/2024പ +91 98471 41664: 2024 മലയാറ്റൂർ നക്ഷത്ര തടാകം കാർണിവലിനോടനുബന്ധിച്ച് പോലീസ് ഗതാഗതക ക്രമീകരണങ്ങൾ ഏർപെടുത്തി.നക്ഷത്രതടകത്തിലേക്കു വരുന്ന വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനായി മാവിൻതോട്ടം,താഴത്തെ പള്ളി, പാർക്കിംഗ് ഗ്രൗണ്ട് കാടപ്പാറയിലെ സ്വകാര്യ പാർക്കിംഗ് ഗ്രൗണ്ട് എന്നിവ മാത്രം ഉപയോഗിക്കുക.ഒരു കാരണവശാലും വഴിയരികിൽ വാഹനങ്ങൾ പാർക്ക് ചെയ്യരുത് കാർണിവൽ സ്ഥലത്തേക്ക് നീലീശ്വരം അടിവാരം വഴി മാത്രം പ്രവേശിക്കുക.

നടുവട്ടം ഭാഗത്തു കൂടിയോ യുക്കാലി ഭാഗത്തു കൂടിയോ കാർണിവൽ സ്ഥലത്തേക്ക് പ്രവേശനം ഉണ്ടായിരിക്കുന്നതല്ല.കാർണിവൽ സ്ഥലത്തു നിന്നും മടങ്ങുന്ന വാഹനങ്ങൾ യൂക്കാലി ഭാഗത്തുകൂടി മാത്രം പോവുക. ഇവിടം വൺവേ ആണ്.. 31ന് ഉച്ചയ്ക്ക് 2 മുതൽ ക്രമീകരണങ്ങൾ പ്രാബല്യത്തിൽ വരും.

പുതുവർഷത്തെ വരവേൽക്കാൻ ജില്ല; കുമരകത്തും വാഗമണിലും വൻ ആഘോഷപരിപാടികൾ

കോട്ടയം: പുതുവർഷത്തെ വരവേൽക്കാൻ ജില്ല ഒരുങ്ങി. അവധി, മഞ്ഞുകാലം, ആഘോഷം എന്നിവ ഒരുമിച്ചതോടെ ഒരാഴ്ച മുമ്പേ കുമരകം, വാഗമൺ, ഇലവീഴാപൂഞ്ചിറ എന്നിവിടങ്ങളിൽ തിരിക്ക് തുടങ്ങിയിരുന്നു. പുതുവത്സരാഘോഷത്തിനായി ഹോട്ടലുകളിൽ ബുക്കിംഗ് എല്ലാം നേരത്തെ തന്നെ പൂർത്തിയായിരുന്നു. ഹരിയാന, മഹാരാഷ്ട്ര, ബംഗാൾ സംസ്ഥാനങ്ങളിൽനിന്നുള്ളവരാണ് ഏറ്റവുമധികം മുറികൾ ബുക്ക് ചെയ്തിരിക്കുന്നത്.

ഉത്തരേന്ത്യയിൽ വിവാഹ സീസൺ ആരംഭിച്ചതോടെ ഹണിമൂണിനു പ്രിയപ്പെട്ട ഡെസ്റ്റിനേഷനായി മാറിയരിക്കുകായണ് ഈ മേഖലകൾ. പുതുവത്സരത്തെ വരവേൽക്കാൻ കുമരകത്തെയും വാഗമണിലെയും പ്രധാന ഹോട്ടലുകളിലെല്ലാം ഇന്നു രാത്രി വിഭവസമൃദ്ധമായ ഗാലാ ഡിന്നർ, ഡിജെ, ലൈവ് ബാൻഡ് മ്യൂസിക് എന്നിവയുണ്ട്.

ആഘോഷങ്ങളുടെ നിരക്ക്, മുറി വാടക എന്നിവ ഉൾപ്പെടുത്തി പ്രത്യേക പാക്കേജാക്കിയാണ് നൽകിയിരിക്കുന്നത്. പഞ്ചനക്ഷത്ര ഹോട്ടലുകളിലും മറ്റും ഒരാൾക്ക് 3,000 രൂപ വരെയാണ് (ഗാലാ ഡിന്നർ, മ്യൂസിക്, ഡിജെ) ചാർജ്.

കുമരകത്തെ കായൽത്തീരത്ത് 2025നെ വരവേൽക്കാൻ സഞ്ചാരികളുടെ ഒഴുക്കു നേരത്തെ തുടങ്ങിയിരുന്നു. ക്രിസ്മസ് അവധിക്കാലത്ത് സ്വദേശികളും വിദേശികളുമായി നൂറുകണക്കിനാളുകളാണ് എത്തിയത്. കുമരകത്തും സമീപപ്രദേശങ്ങളിലെയും മുഴുവൻ മുറികളും ബുക്കായി. ഹൗസ് ബോട്ടുകളിലെ ആഘോഷം ഉൾക്കായലുകളിൽനിന്നു മാറി തീരത്തോടു ചേർന്നായിരിക്കും. കുമരകത്തെ സഞ്ചാരികളിൽ 40 ശതമാനത്തിലധികം വിദേശികളാണ്.

കുമരകത്ത് വേമ്പനാട് കായൽത്തീരത്തെ 10 പ്രധാന ഹോട്ടലുകളിലും റിസോർട്ടുകളിലും പുതുവത്സര ആഘോഷങ്ങൾ ഇന്നു വൈകുന്നേരം ആരംഭിക്കും. കായൽമീനുകളും കക്കാ ഇറച്ചിയും ഉൾപ്പെടുത്തിയുള്ള സദ്യ പുതുവത്സര സ്പെഷലായി ചില ഹോട്ടലുകൾ അവതരിപ്പിക്കുന്നു. ഒരാൾക്ക് 2,000 രൂപയാണ് ചാർജ്. വർഷാവസാന സൂര്യാസ്തമയം കാണാൻ കായലിൽ പോകുന്നതിനുള്ള ശിക്കാരവള്ളങ്ങളും ഹൗസ് ബോട്ടുകളും ഒരുക്കിയിട്ടുണ്ട്. കരിമരുന്ന് കലാപ്രകടനവും പല റിസോർട്ടുകൾ ഒരുക്കിയിട്ടുണ്ട്.

മഞ്ഞിൽ കുളിച്ചു നിൽക്കുന്ന വാഗമണിൽ ഹോട്ടലുകളിലും റിസോർട്ടുകളിലും ഇന്നു വൈകുന്നേരം മുതൽ പുതുവത്സരാഘോഷം ഒരുക്കിയിട്ടണ്ട്.

ഒറ്റയ്ക്കും ഗ്രൂപ്പായിട്ടും നേരത്തെ തന്നെ എല്ലാവരും റിസോർട്ടുകൾ ബുക്ക് ചെയ്തിരിക്കുകയാണ് . ഇതു കൂടാതെ പുതുവർഷ ആഘോഷത്തിനായി ധാരാളം പേർ രാത്രിയിൽ വാഹനങ്ങളിൽ വാഗമണിലെത്തും. വാഗമണ്ണിലെ കണ്ണാടിപ്പാലത്തിലേക്കും ആളുകളുടെ തിരക്കുണ്ട്. പുതുവർഷം ആഘോഷിക്കാൻ ആളുകൾ കൂടുതൽ എത്തുന്നതിനാൽ ഇന്നു രാവിലെ മുതൽ നാളെ വൈകുന്നേരം വരെ ശക്തമായ സുരക്ഷയും പരിശോധനയുമാണ് പോലീസ് ഒരുക്കിയിരിക്കുന്നത്. എക്സൈസിൻറെ നിരീക്ഷണവുമുണ്ട്.

ഇലവീഴാപൂഞ്ചിറ, ഇല്ലിക്കൽകല്ല് എന്നിവിടങ്ങളിലും പുതുവർഷ ആഘോഷത്തിനായി ആളുകൾ എത്തും.

30.25 കോടിയുടെ പദ്ധതി; കൂൺ ഗ്രാമങ്ങൾക്ക് തുടക്കമിടാൻ സംസ്ഥാന സർക്കാർ

സംസ്ഥാനത്ത് വ്യാവസായികാടിസ്ഥാനത്തിൽ കൂൺ ഉത്പാദനത്തിനുള്ള പദ്ധതിയുമായി ഹോർട്ടികൾച്ചർ മിഷൻ. ഓരോ ജില്ലയിലും കൂൺ ഗ്രാമങ്ങൾക്ക് തുടക്കമിടുകയാണ് ലക്ഷ്യം. രാഷ്ട്രീയ കൃഷിവികാസ് യോജനയിൽ ഉൾപ്പെടുത്തിയ പദ്ധതിക്ക് 30.25 കോടിയാണ് ചെലവ്. ഒരു ബ്ലോക്ക് പഞ്ചായത്തിനുകീഴിലെ രണ്ടോ മൂന്നോ പഞ്ചായത്തുകളെ ചേർത്താണ് കൂൺഗ്രാമം നടപ്പാക്കുന്നത്. ഉത്പാദക യൂണിറ്റുകൾക്കൊപ്പം സംസ്കരണം, മൂല്യവർധിത ഉത്പന്നങ്ങൾ, വിപണനം എന്നിവയും ഉണ്ടാകും. സംസ്ഥാനത്ത് 100 കൂൺ വില്ലേജുകളാണ് ലക്ഷ്യമിടുന്നത്. ചെറുകിട, വൻകിട കൂൺ ഉത്പാദന യൂണിറ്റ്, വിത്തുത്പാദന യൂണിറ്റ് എന്നിവയ്ക്ക് 40 ശതമാനവും കമ്പോസ്റ്റ്, പായ്ക്ക് ഹൗസ്, കൂൺ സംസ്കരണ യൂണിറ്റ് എന്നിവയ്ക്ക് 50 ശതമാനം നിരക്കിലും സബ്സിഡി ലഭ്യമാക്കും.

ഉത്പാദനോപാദികൾ കൂൺ വില്ലേജിനുള്ളിൽ ലഭ്യമാക്കും. കൂൺ വിപണനം ചെയ്യാൻ സംവിധാനം ഒരുക്കുകയും ചെയ്യും. 100 ചെറുകിട കൂൺ ഉത്പാദന യൂണിറ്റുകളുടെയും രണ്ടു വൻകിട കൂൺ ഉത്പാദന യൂണിറ്റുകളുടെയും മൂന്ന് കൂൺ സംസ്കരണ യൂണിറ്റുകളുടെയും രണ്ടു പായ്ക്ക് ഹൗസുകളുടെയും 10 കമ്പോസ്റ്റ് ഉത്പാദന യൂണിറ്റുകളുടെയും പ്രവർത്തനങ്ങളാണ് 20 ബ്ലോക്കുകളിൽ ആദ്യഘട്ടത്തിൽ നടപ്പാക്കുക.

രണ്ടു ലക്ഷം രൂപ വരെ സഹായധനം ലഭിക്കുന്ന ഈ പദ്ധതിക്ക് കർഷകർ, കൃഷിക്കൂട്ടങ്ങൾ, കർഷകസംഘങ്ങൾ, ഫാർമർ, പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ, കുടുംബശ്രീ എന്നിവർക്ക് അപേക്ഷിക്കാം. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പരിശീലനം നൽകും. വിവരങ്ങൾക്ക് കൃഷിഭവനുമായി ബന്ധപ്പെടണം. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ ഫോൺ: 0471 2330856, 2330857.

നാരുകളും പ്രോട്ടീനും അടങ്ങിയ കലോറി കുറഞ്ഞ ഭക്ഷണമാണ് കൂൺ. കൂടാതെ വൈറ്റമിൻ ബി കോംപ്ലക്സുകളായ നിയാസിൻ, റൈബോഫൽവിൻ, പാന്റോത്തെനിക് ആസിഡ്, വിറ്റാമിൻഡി, പൊട്ടാസ്യം, സിങ്ക്, മഗ്നീഷ്യം, ചെമ്പ് തുടങ്ങിയ ധാതുക്കളും അടങ്ങിയിട്ടുണ്ട്. കൊളസ്ട്രോൾ കുറവാണെന്നു മാത്രമല്ല, മനുഷ്യശരീരത്തിലെ വിറ്റാമിൻഡി സംശ്ലേഷണത്തിന് സഹായകമായി പ്രവർത്തിക്കുന്ന എർഗോസ്റ്ററോളും കൂണിലുണ്ട്. ഒട്ടേറെ മൂല്യവർധിത ഉത്പന്നങ്ങളും കൂണിൽനിന്ന് തയ്യാറാക്കാം.

കുറഞ്ഞചെലവിൽ കുറഞ്ഞ കാലയളവിൽ കൂടുതൽ വരുമാനം ലഭിക്കുന്ന സംരംഭമാണ് കൂൺകൃഷി, അധികം സ്ഥലം അവശ്യമില്ല. വൈക്കോലിനു പുറമേ, അറക്കപ്പൊടി, വാഴത്തണ്ട്, കരിമ്പിൻചണ്ടി തുടങ്ങി വിവിധ മാധ്യമങ്ങളിൽ ചിപ്പിക്കൂൺ വളരും. പോളിപ്രൊപ്പിലീൻ കവറുകളിൽ 2.5 ഇഞ്ച് കനത്തിൽ ഇവ അമർത്തിനിറയ്ക്കുക. ശേഷം ചുറ്റിലും കൂൺവിത്തുവിതറും. മുറികളിൽ ചാക്കോ കർട്ടനോ കൊണ്ട് മറച്ച് ഇരുണ്ട അന്തരീക്ഷം സൃഷ്ടിക്കാം. വായുസഞ്ചാരത്തിനായി ദ്വാരങ്ങൾ ഇടാം. 14 ദിവസം കഴിയുമ്പോൾ ഇരുണ്ട അന്തരീക്ഷം മാറ്റി നല്ല വായുപ്രവാഹമുള്ള വളർത്തുമുറികളിലേയ്ക്കു മാറ്റണം. കൂൺമൊട്ടുകൾ മൂന്നുനാലു ദിവസത്തിനുള്ളിൽ പുറത്തുവരാൻ തുടങ്ങും. രണ്ടുമൂന്നു ദിവസത്തിനുള്ളിൽ വിളവെടുപ്പും നടത്താം.

മുരിങ്ങക്കായയിൽ ഗുജറാത്തി ആധിപത്യം

സാമ്പാറിനും അവിയലിനും തനത് രുചി പകർന്ന മുരിങ്ങക്കായ കിട്ടാതായതോടെ വില കുത്തനെ ഉയർന്നു. കേരളത്തിലെയും തമിഴ് നാട്ടിലെയും വിപണികളിൽ ഉത്തരേന്ത്യൻ മുരിങ്ങക്കായ താരമായി. നീളവും പച്ചപ്പും കൂടുതലുള്ള കാഴ്ചയിലും സുന്ദരമായ ഉത്തരേന്ത്യൻ മുരിങ്ങ രുചിയിലും മുമ്പിലാണ്. പ്രധാനമായും ഗുജറാത്തിലെ ഗ്രാമങ്ങളിൽ നിന്നാണ് വരവ്.

ഗുജറാത്തിൽ ഇത് അടുത്തകാലംവരെ വനവിഭവമായിരുന്നു. ഗ്രാമ പാതകളിൽ തണലായ് വളരുന്ന മുരിങ്ങാ മരത്തിലെ കായ്കൾ ഉണങ്ങി വീണ് നശിക്കുന്നതാണ് പതിവ്. തെക്ക് നിന്നും അന്വേഷണം വർധിച്ചതോടെ സ്ഥിതി മാറി. കർഷർക്ക് മുരിങ്ങ തണലും താങ്ങുമായി.

കേരള മാർക്കറ്റിൽ കിലോയ്ക്ക് ഇപ്പോൾ 500 രൂപവരെ നൽകേണ്ടി വരുന്നുണ്ട്. ശബരിമല സീസൺ തുടങ്ങിയതും വിപണിയിൽ കുതിപ്പ് ഉണ്ടാക്കി. ചെന്നൈയിലെ പ്രസിദ്ധമായ കോയമ്പേട് പച്ചക്കറി മാർക്കറ്റിൽ മൊത്ത വില കിലോയ്ക്ക് 350 വരെ എത്തിയിട്ടുണ്ട്. ഒരാഴ്ചകൊണ്ട് 100 രൂപ വർധിച്ചു.

തണുപ്പ് കാലം തുടങ്ങുന്നതോടെ മുരിങ്ങക്കായ വിളവ് കുറയും. നവംബർ ഡിസംബർ മാസങ്ങളിൽ ഇവിടെ കായ പിടിക്കില്ല. മഴയുടെ ക്രമം തെറ്റിയതും പൂക്കൾ കൊഴിച്ചു. എന്നാൽ ഉത്തരേന്ത്യൻ മേഖലകളിൽ ഈ സീസണിലാണ് കായ് ഫലം കൂടുതലായി ലഭിക്കുന്നത്.

ഗുജറാത്തിലെ വടോദരയിലെ പദ്രമേഖല വ്യവസായങ്ങൾക്ക് പേരു കേട്ട പ്രദേശമാണ്. എന്നാൽ കാർഷിക വിഭവങ്ങളിൽ മുരിങ്ങ ഇപ്പോൾ പ്രത്യേക ശ്രദ്ധ പിടിച്ചു വാങ്ങി തഴച്ച് വളരുന്നു. കോയലി, അംഗോദിയ, സോക്ദ മേഖലയിൽ നിന്നും കായ ദക്ഷിണേന്ത്യൻ മേഖലയിലേക്ക് കയറ്റി അയക്കപ്പെടുന്നു. കഴിഞ്ഞ പത്തു വർഷത്തിനിടയിലാണ് മുരിങ്ങ ഇവിടെ കാർഷിക വിളകളിൽ പ്രത്യേകം ഇടം പിടിച്ച് തുടങ്ങിയത്. മുംബൈയിലെ കല്യാൺ മാർക്കറ്റിൽ കായയ്ക്ക് 80 മുതൽ 100 രൂപവരെയായിരുന്നത് 400 രൂപവരെ ഉയർന്നതായാണ് റിപ്പോർട്ടുകൾ. ജനുവരിയോടെ ദക്ഷിണേന്ത്യൻ ഇനം എത്തുന്നത് വരെയും ഈ നിലവാരം തുടരുമെന്നാണ് നിരീക്ഷണം. മുരിങ്ങ കൃഷി ചെയ്യുന്ന രാജ്യങ്ങളിൽ ഇന്ത്യയാണ് ഒന്നാമത്. ആന്ധ്ര, തെലങ്കാന പ്രദേശങ്ങളിലാണ് വ്യാപകമായി കൃഷി ചെയ്യുന്നത്. തമിഴ്നാടും കർണ്ണാടകവുമാണ് തൊട്ടു പിന്നിൽ. ഒഡിഷയിലും ഇവ കൃഷി ചെയ്തിരുന്നു. വേലിയായും ഉപയോഗിച്ച് വന്നു. നല്ല ചൂടും സൂര്യപ്രകാശവും ആവശ്യമുള്ള വൃക്ഷമാണ്.

ബറോഡയിലെ മഹാരാജാ സായാജി റാവു യുണിവേഴ്സിറ്റി ഗുജറാത്ത് നേരിടുന്ന പോഷകാഹാര കുറവിന് മുരിങ്ങ നിത്യ ഭക്ഷണ ക്രമത്തിന്റെ ഭാഗമാക്കാൻ നിർദ്ദേശിച്ചിരുന്നു. ഇതു പ്രകാരം മുരിങ്ങ ഉപയോഗം വർധിപ്പിക്കാൻ ആരോഗ്യ വകുപ്പ് പദ്ധതിയും നടപ്പാക്കി. ഉണക്കിയ മുരിങ്ങയില ഗുളികയും പ്രതിവിധിയായി കണ്ടെത്തി നിർദ്ദേശിച്ചു. മുലയൂട്ടുന്ന അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും പോഷകക്കുറവിനും മുരിങ്ങയില നിർദ്ദേശിക്കാറുണ്ട്. ഇലയ്ക്കും കായയ്ക്കും പൂക്കൾക്കും വിത്തുകൾക്കും കുരുവിൽ നിന്നും ലഭിക്കുന്ന എണ്ണയ്ക്കുവേണ്ടിയും ജലം ശുദ്ധീകരിക്കാൻ വേണ്ടിയും മുരിങ്ങ വളർത്തുന്നുണ്ട്. വേരിനും ഔഷധ ഗുണം കല്പിക്കുന്നു. ഗുജറാത്തിൽ കർഷകർക്ക് ഒരു കിലോയ്ക്ക് 35 രൂപയാണ് ലഭിക്കുന്നത്. ഇന്ത്യൻ കൌൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ച് സഹായത്തോടെ മുരിങ്ങാ കൃഷിയിലേക്ക് കൂടുതൽ കർഷകർ എത്തി. 10.7 ഹെക്ടറിൽ കൃഷിയിറക്കിയ ഒരു കർഷകന് വർഷം 20 ലക്ഷം രൂപ വരെ ആദായം ലഭിക്കുന്നതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്. വിലയും ഡിമാന്റും വർധിച്ചതോടെ ഇത് കുത്തനെ വർധിച്ചു.

പച്ചമുളക് ഉൽപ്പാദനം വർധിപ്പിക്കാം

പറിച്ച് നടുന്ന പച്ചക്കറികളിൽ പ്രധാനിയാണ് പച്ചമുളക്. പ്രോട്ട്രേയിലോ, ഗ്രോ ബാഗിലോ പാകി മുളപ്പിച്ച് ഒരു മാസം പ്രായമായ തൈകൾ പറിച്ചു നടാം. തുറസ്സായതും നല്ല സൂര്യപ്രകാശം ലഭിക്കുന്നതുമായ സ്ഥലം പച്ചമുളക് ചെടി നടാനായി തെരഞ്ഞെടുക്കാം. ജ്വാലാമുഖി, ജ്വാലാസഖി, ഉജ്വല, അനുഗ്രഹ, അതുല്യ, സമൃദ്ധി, കീർത്തി എന്നിവ അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങളാണ്. സീറയും റോയൽ ബുള്ളറ്റും ഹൈബ്രിഡ് ഇനങ്ങളാണ്. വിത്ത് മുളച്ച് തുടങ്ങിയാൽ നിശ്ചിത ഇടവേളകളിൽ 20 ഗ്രാം സ്യൂഡോമോണസ് ഒരുലിറ്റർ വെള്ളത്തിൽ കലക്കിയ ലായനി തളിച്ചുകൊടുക്കണം. തൈകളുടെ പുഷ്ടി വർധിപ്പിക്കാൻ പത്തിരട്ടി വെള്ളം ചേർത്ത് നേർപ്പിച്ച ചാണകവെള്ളം തളിക്കാം. തൈകൾ പറിച്ചെടുക്കുന്നതിന് മുന്നോടിയായി ട്രേ നന്നായി നനയ്ക്കണം.

മണ്ണ് നന്നായി കിളച്ചൊരുക്കി സെന്റൊന്നിന് 3 കിലോഗ്രാം പൊടിഞ്ഞ കുമ്മായം ചേർത്ത് മണ്ണുമായി ഇളക്കണം. പറിച്ചു നടുന്ന സമയത്ത് തൈയുടെ വേരുകൾ 20 ഗ്രാം സ്യൂഡോമോണസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയ ലായനിയിൽ അരമണിക്കൂർ മുക്കിവച്ചതിനുശേഷം നടാം. ശീമക്കൊന്നയില ഉപയോഗിച്ച് പുത ഇടുന്നത് കീടനിയന്ത്രണത്തിനും ജൈവാംശം കൂട്ടുന്നതിനും സഹായിക്കും. 10 ദിവസത്തിൽ ഒരിക്കൽ പൊടിഞ്ഞ കാലി വളം, ആട്ടിൻ കാഷ്ഠം, മത്സ്യ വളം, മണ്ണിര കമ്പോസ്റ്റ് എന്നിവ മാറി മാറി ചേർത്ത് കൊടുക്കാം.പച്ചമുളക് തൈകൾക്ക് താങ്ങുകാൽ കൊടുക്കേണ്ടതുണ്ട്. രണ്ടാഴ്ചയിൽ ഒരിക്കൽ കള പറിച്ചു കളയേണ്ടതും വളപ്രയോഗത്തിനുശേഷം മണ്ണ് കൂട്ടി കൊടുക്കേണ്ടതുമാണ്.

ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ ക്യാമ്പയിൻ

കൊച്ചി: വിവാഹദിനത്തിൽ സ്ത്രീകൾക്ക് മികച്ച രീതിയിൽ തയാറെടുപ്പുകൾ നടത്താനുള്ള നുറുങ്ങുകൾ പങ്കുവച്ച് ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ ക്യാമ്പയിൻ. സവിശേഷ ദിവസത്തിൽ ആത്മവിശ്വാസവും പ്രസരിപ്പും അനുഭവിക്കാൻ സഹായിക്കുന്ന അഞ്ച് നുറുങ്ങുകളാണ് ഫിറ്റ്നസ് കോച്ചും പൈലേറ്റ്സ് വിദഗ്ധയുമായ യാസ്മിൻ കറാച്ചിവാലയിലൂടെ പങ്കുവയ്ക്കുന്നത്. കാലിഫോർണിയ ബദാം പോലെയുള്ള ആവശ്യ പോഷകങ്ങളാൽ സമ്പുഷ്ടമായ സമീകൃതാഹാരം ഭക്ഷണക്രമത്തിൽ ഉൾപ്പെടുത്തുകയെന്നതാണ് ഇതിലൊന്ന്. ദഹനം മെച്ചപ്പെടുത്തുന്നതിനും, സമ്മർദം കുറയ്ക്കുന്നതിനും ജലാംശം നിലനിർത്തുക, ശ്വസനത്തിലൂടെയും ചലനത്തിലൂടെയും സമ്മർദം നിയന്ത്രിക്കുക, 7 മുതൽ മണിക്കൂർ വരെ ശരിയായ ഉറക്കം കണ്ടെത്തുക തുടങ്ങിയ നിർദേശങ്ങളും അവർ പങ്കുവച്ചു.

പുതുവൽസരാഘോഷം: കൂടുതൽ സർവ്വീസുമായി കൊച്ചി മെട്രോയും വാട്ടർ മെട്രോയും

കൊച്ചി: പുതുവൽസര ആഘോഷങ്ങളോടനുബന്ധിച്ചുള്ള തിരക്ക് കണക്കിലെടുത്ത് കൊച്ചി മെട്രോ കൂടുതൽ സർവ്വീസ് നടത്തും. വൈകുന്നേരങ്ങളിലെ തിരക്കേറിയ സമയത്ത് ജനുവരി 4 വരെ 10 സർവ്വീസുകൾ കൂടുതലായി ഉണ്ടാകും. പുതുവൽസരത്തോടനുബന്ധിച്ച് 31 ന് രാതി 10.30 നു ശേഷവും സർവ്വീസ് തുടരും. 20 മിനിറ്റ് ഇടവിട്ട് പുലർച്ചെ വരെ തൃപ്പുണിത്തുറയിൽ നിന്ന് ആലുവയിലേക്കും തിരിച്ചും സർവ്വീസ് നടത്തും. അവസാന സർവ്വീസ് തൃപ്പൂണിത്തുറയിൽ നിന്നും പുലർച്ചെ 1.30 നും അലുവയിൽ നിന്നും 1.45 നും ആയിരിക്കുംപുതു വർഷം പ്രമാണിച്ച് കൊച്ചി വാട്ടർ മെട്രോയും കൂടുതൽ സർവീസ് നടത്തും.ഫോർട്ട് കൊച്ചിയിലേക്ക് 31ന് ഉച്ചയ്ക്ക് ശേഷം 10 മിനിട്ട് വരെ ഇടവേളയിലാവും സർവീസ്. വൈകുന്നേരം 7 മണി വരെ സർവീസ് നടത്തും.സുരക്ഷാ നിദ്ദേശങ്ങൾക്കനുസരിച്ച് വൈകിട്ട് 7 ന് ശേഷം ഫോർട്ട് കൊച്ചി സർവീസ് നിർത്തിവയ്ക്കും. വൈപ്പിനിലേയ്ക്ക് സാധാരണ സർവീസ് രാത്രിയിലും തുടരും. രാത്രി 11.30 ന് ശേഷം വൈപ്പിനിൽ നിന്നും ഹൈക്കോടതി ജെട്ടിയിലേയ്ക്ക് പത്ത് മിനിട്ടിൽ താഴെ ഇടവേളയിൽ സർവീസ് ഉണ്ടാകും. ഇത് പുലർച്ചെ 4.30 വരെയോ തിരക്ക് തീരുന്നവരെയോ തുടരും.

ദേശീയ സരസ് മേളയുടെ ഒരുക്കങ്ങൾ അന്തിമ ഘട്ടത്തിൽ

ആലപ്പുഴ: കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ജനുവരി 20 മുതൽ 31 വരെ ചെങ്ങന്നൂരിൽ സംഘടിപ്പിക്കുന്ന ദേശീയ സരസ് മേളയുടെ ഒരുക്കങ്ങൾ അന്തിമ ഘട്ടത്തിൽ. സരസ് മേള സംഘാടക സമിതി അധ്യക്ഷനായ ഫിഷറീസ്സാംസ്കാരിക യുവജനകാര്യ വകുപ്പ് മന്ത്രി സജി ചെറിയാൻ പുന്നപ്ര വടക്ക് പഞ്ചായത്തിലെ ഇഎംഎസ് കമ്മ്യൂണിറ്റി ഹാളിൽ ചേർന്ന മേളയുടെ അവലോകന യോഗം ഉദ്ഘാടനം ചെയ്തു.

കുടുംബശ്രീ 2025 സംരംഭകത്വ വർഷമായി മാറ്റണമെന്നും ലോകത്തിലെ മാറ്റങ്ങൾക്ക് അനുസരിച്ചുള്ള ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാൻ കുടുംബശ്രീ മുന്നോട്ടുവരണമെന്നും മന്ത്രി പറഞ്ഞു. കുടുംബശ്രീയുടെ ഉൽപ്പന്നങ്ങൾക്ക് നമ്മുടെ നാട്ടിൽ മാത്രമല്ല രാജ്യത്തിന് പുറത്തും വിപണി കണ്ടെത്താൻ നമ്മുക്ക് സാധിക്കണമെന്നും അതിനുവേണ്ടി പുതിയ ആശയങ്ങൾ കണ്ടെത്താനുള്ള ഒരു വർഷയമായി ഈ പുതു വർഷത്തെ മാറ്റണമെന്നും അദ്ദേഹം പറഞ്ഞു.

യോഗത്തിൽ മന്ത്രി മേളയുടെ ഭാഗ്യചിഹ്നവും പോസ്റ്ററും തീം സോങ്ങും പ്രകാശനം ചെയ്തു. മേളയോടനുബന്ധിച്ച് പൊതുജനങ്ങൾക്കായി സംഘടിപ്പിച്ച ഭാഗ്യ ചിഹ്നം, പോസ്റ്റർ മത്സരത്തിൽ പത്തനംതിട്ട സീതത്തോട് സ്വദേശി നിതിൻ വിജയിയായി. ഒരു കൈയ്യിൽ കരിമീനുമായി കുഞ്ഞുവള്ളം തുഴയുന്ന താറാവിൻകുഞ്ഞിൻറെ ചിത്രമാണ് ഭാഗ്യചിഹ്നമായി തെരഞ്ഞെടുത്തത്. തീം സോങ്ങ് മത്സരത്തിൽ ഭരണിക്കാവ് പഞ്ചായത്തിലെ കൈരളി അയൽക്കൂട്ട അംഗമായ പി.ജയലക്ഷ്മിയാണ് വിജയി. ഇരുവർക്കും സരസ് മേളയുടെ സമാപന ചടങ്ങിൽ ക്യാഷ് പ്രൈസ് സമ്മാനിക്കും.

മന്ത്രി മേളയുടെ പോസ്റ്റർ ജില്ലാ കളക്ടർ അലക്സ് വർഗീസിനും ഭാഗ്യ ചിഹ്നം (ചീരു താറാവ്) തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ എസ് ശ്രീകുമാർ , തീം സോങ്ങ് മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അംബുജാക്ഷി ടീച്ചറിനും നൽകി പ്രകാശനം ചെയ്തു.

ജില്ലാ കളക്ടർ അലക്സ് വർഗീസ് അധ്യക്ഷത വഹിച്ചു . കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ എസ് രഞ്ജിത്ത്, വിവിധ സബ് കമ്മിറ്റി ചെയർമാന്മാർ, കൺവീനർമാർ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷൻമാർ, ജനപ്രതിനിധികൾ, സെക്രട്ടറിമാർ, സി.ഡി.എസ് ചെയർപേഴ്സൺമാർ, പൊലീസ് ഉദ്യോഗസ്ഥർ, കുടുംബശ്രീ ജില്ലാ മിഷൻ ഭാരവാഹികൾ, വിവിധ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

റെക്കോഡ് വേഗത്തിൽ ഒന്നാം സെമസ്റ്റർ ഫലങ്ങൾ

തിരുവനന്തപുരം: ഏറ്റവുമധികം കുട്ടികൾ പരീക്ഷയെഴുതുന്ന കാലിക്കറ്റ് അടക്കം സംസ്ഥാനത്തെ എല്ലാ മുൻനിര സർവ്വകലാശാലകളും സർക്കാർ നിർദ്ദേശിച്ച സമയക്രമത്തിനും മുമ്പേ ഒന്നാം സെമസ്റ്റർ നാലുവർഷ ബിരുദഫലം പ്രഖ്യാപിച്ചത് കേരളത്തിന്റെ ഉജ്ജ്വലമായ ഉന്നതവിദ്യാഭ്യാസ പരിഷ്കരണക്കുതിപ്പിന് സുവർണ്ണ കിരീടം ചാർത്തി നൽകുന്ന നേട്ടമാണെന്ന് മന്ത്രി ആർ ബിന്ദു പറഞ്ഞു. പരീക്ഷയെഴുതി ഫലത്തിനായി മാസങ്ങൾ കാത്തിരിക്കുന്ന കാലം കേരളത്തിൽ അവസാനിച്ചിരിക്കുകയാന്നെന്നും മന്ത്രി പറഞ്ഞു.

അത്യത്ഭുതവേഗത്തിലാണ് കാലിക്കറ്റ് അടക്കമുള്ള സർവ്വകലാശാലകൾ നാലുവർഷ ബിരുദ പരീക്ഷയുടെ ഒന്നാം സെമസ്റ്റർ ഫലങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്. കണ്ണൂർ, കേരള, എം ജി, തുഞ്ചൻ, ശ്രീശങ്കര തുടങ്ങി നമ്മുടെ സർവ്വകലാശാലകൾ. പരീക്ഷ കഴിഞ്ഞ് ഏറ്റവും ചുരുക്കം ദിവസങ്ങളിൽ ഒന്നാം സെമസ്റ്റർ ഫലം പ്രസിദ്ധപ്പെടുത്തി റെക്കോഡിട്ടു. ഏറ്റവുമധികം വിദ്യാർഥികൾ പരീക്ഷയെഴുതിയ സർവകലാശാലയാണ് കാലിക്കറ്റ്. അമ്പത്തെട്ടായിരം വിദ്യാർത്ഥികൾ പരീക്ഷയെഴുതുന്ന സർവ്വകലാശാലയെന്ന നിലയിൽ കാലിക്കറ്റിന്റെ ഫലപ്രഖ്യാപനത്തിന് സവിശേഷമായ മികവുണ്ടെന്ന് മന്ത്രി ഡോ. ബിന്ദു പറഞ്ഞു.

പ്രാക്ടിക്കൽ പരീക്ഷ കഴിഞ്ഞ് രണ്ടുദിവസംകൊണ്ടാണ് ഇരുപത്തിനാലായിരത്തോളം കുട്ടികൾ പരീക്ഷയെഴുതിയ കേരള സർവ്വകലാശാല ഫലം പ്രസിദ്ധപ്പെടുത്തിയത്. പതിനേഴായിരം പരീക്ഷാർത്ഥികളുണ്ടായ എം ജി അഞ്ചു ദിവസം കൊണ്ട് ഫലം പ്രഖ്യാപിച്ചു. പന്ത്രണ്ട് ദിവസം കൊണ്ടായിരുന്നു കണ്ണൂർ സർവ്വകലാശാലയുടെ ഫലപ്രഖ്യാപനം. കെ റീപ് നടപ്പിലാക്കിയ കണ്ണൂർ സർവ്വകലാശാല ഫലപ്രഖ്യാപനത്തോടൊപ്പം വിദ്യാർത്ഥികളുടെ ലോഗിനിൽ മാർക്ക് ലിസ്റ്റ് ലഭ്യമാക്കുക കൂടി ചെയ്ത് കൂടുതൽ മികവുകാട്ടി. ഡിസംബർ അഞ്ചിന് പരീക്ഷകൾ പൂർത്തിയാക്കി ഇരുപത്തഞ്ച് ദിവസം കൊണ്ടാണ് കാലിക്കറ്റ് ഫലം പ്രഖ്യാപിച്ചിരിക്കുന്നത്.

ഉന്നതവിദ്യാഭ്യാസ സമഗ്രപരിഷ്കരണ കമ്മീഷനുകളിലെ പ്രധാന കമ്മീഷനായ പരീക്ഷാ പരിഷ്കരണ കമ്മീഷന്റെ സുപ്രധാന നിർദ്ദേശമാണ് ഇതുവഴി ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സാക്ഷാത്കരിക്കാൻ സാധിച്ചിരിക്കുന്നത്.

ഇതിനായി പുറത്തിറക്കിയ ഏകീകൃത അക്കാദമിക് കലണ്ടർ പ്രകാരം മുപ്പതു ദിവസത്തിനകം ഫലപ്രഖ്യാപനം നടന്നിരിക്കണമെന്ന് മന്ത്രിയെന്ന നിലയിൽ പ്രത്യേകം നിർദ്ദേശിച്ചു.

അതുൾപ്പെടെ സർക്കാരിന്റെ ഭാവനാത്മകമായ ആസൂത്രണങ്ങളെയും പരീക്ഷകളും ഫലങ്ങളും അതിവേഗതയിൽ പൂർത്തിയാക്കാനുള്ള നിർദ്ദേശങ്ങളെയും അക്ഷരാർത്ഥത്തിൽ ഉൾക്കൊണ്ട് സർവ്വകലാശാലാ സമൂഹം വിജയത്തിലെത്തിച്ചിരിക്കുകയാണെന്നുംമന്ത്രി ഡോ. ബിന്ദു പറഞ്ഞു.

എം.ടിക്ക് സംസ്ഥാന സർക്കാരിന്റെ ആദരം

തിരുവനന്തപുരം: എം.ടി വാസുദേവൻ നായർക്ക് ആദരമർപ്പിക്കുന്നതിനായി കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കുന്ന അനുസ്മരണസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ ഡിസംബർ 31 ന് വൈകിട്ട് 3 മണിക്ക് നടക്കുന്ന ചടങ്ങിൽ സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിക്കും.

പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി, ഭക്ഷ്യ പൊതുവിതരണവകുപ്പ് മന്ത്രി ജി.ആർ. അനിൽ, ടൂറിസംപൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ്, പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ, എംപിമാരായ ശശി തരൂർ, എ.എ. റഹീം, ആന്റണി രാജു എംഎൽഎ, മേയർ ആര്യ രാജേന്ദ്രൻ, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, കൗൺസിലർ രാഖി രവികുമാർ, അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ ഖോബ്രഗഡേ, സാംസ്കാരിക വകുപ്പ് ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ എന്നിവർ പങ്കെടുക്കും.

എൻ.എസ്. മാധവൻ, ശ്രീകുമാരൻ തമ്പി, ഷാജി എൻ. കരുൺ, കെ. ജയകുമാർ, വി. മധുസൂദനൻ നായർ, പ്രേംകുമാർ, എം. ജയചന്ദ്രൻ, ജി. വേണുഗോപാൽ, ഗൗതമി, മേനക സുരേഷ്, ജലജ, മധുപാൽ, വേണു ഐ.എസ്.സി., മുരുകൻ കാട്ടാക്കട, അശോകൻ ചരുവിൽ, ജോസ് പനച്ചിപ്പുറം, സുഭാഷ് ചന്ദ്രൻ, ആർ.എസ്. ബാബു, വി.എസ്. രാജേഷ് തുടങ്ങിയവർ എം.ടിയെ അനുസ്മരിക്കും

എം.ടിയുടെ സിനിമകളിലെ ഗാനങ്ങൾ കോർത്തിണക്കി പിന്നണി ഗായകൻ രവിശങ്കർ നയിക്കുന്ന സംഗീതാർച്ചന, എം.ടിയുടെ സാഹിത്യകൃതികൾ, തിരക്കഥകൾ എന്നിവ ഉൾപ്പെടുന്ന പുസ്തകപ്രദർശനം, എം.ടിയുടെ ചലച്ചിത്രജീവിതത്തിലെ അനർഘനിമിഷങ്ങൾ ഒപ്പിയെടുത്ത ഫോട്ടോപ്രദർശനം, മികച്ച സിനിമയ്ക്കുള്ള 1973ലെ ദേശീയ, സംസ്ഥാന പുരസ്കാരങ്ങൾ നേടിയ 'നിർമ്മാല്യ'ത്തിന്റെ പ്രദർശനം എന്നിവയും ഇതിന്റെ ഭാഗമായി നടക്കും.

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് 50ാം വർഷത്തിലേക്ക്: സുവർണ്ണ ജൂബിലി ലോഗോ മുഖ്യമന്ത്രി പ്രകാശനം ചെയ്തു

തിരുവനന്തപുരം: സംസ്ഥാന ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന് കീഴിൽ 1975 ൽ സ്ഥാപിതമായ കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് 50 വർഷത്തെ സേവന നിറവിൽ. സുവർണ്ണ ജൂബിലി പരിപാടികളുടെ ഭാഗമായി പുറത്തിറക്കിയ ലോഗോയുടെ പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. പ്രിൻസിപ്പൽ സെക്രട്ടറി രത്തൻ യു കേൽക്കർ, ഭൂവിനിയോഗ ബോർഡ് കമ്മിഷ്ണർ യാസ്മിൻ എൽ റഷീദ്, ഡപ്യൂട്ടി ഡയറക്ടർ (അഗ്രി) അജി എസ് എന്നിവർ പ്രകാശന ചടങ്ങിൽ സന്നിഹിതരായി. സംസ്ഥാനത്ത് നിലവിലുള്ള ഭൂവിനിയോഗം അവലോകനം ചെയ്യുകയും ഫലപ്രദമായ വിധത്തിൽ ഭൂമി വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക എന്നതാണ് ഭൂവിനിയോഗ ബോർഡിന്റെ ലക്ഷ്യം. സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പ്രകൃതി വിഭവ സംരക്ഷണത്തിലൂന്നിയുള്ള പദ്ധതികളും ബോധവത്കരണ പരിപാടികളും ഉൾപ്പടെ ഒരു വർഷം നീണ്ടുനിൽക്കുന്ന വിപുലമായ പരിപാടികളാണ് വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതിന്റെ തുടക്കമായി 2025 ജനുവരി 6 ന് 'തെങ്ങ് അധിഷ്ഠിത ഭൂവിനിയോഗവും മാറുന്ന കാലാവസ്ഥയും' എന്ന വിഷയത്തിൽ തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ വച്ച് ഏകദിന സെമിനാർ സംഘടിപ്പിക്കും. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്ന സെമിനാറിൽ മന്ത്രിമാർ, എം.എൽ.എമാർ, വിവിധ വകുപ്പുകളുടെ മേധാവികൾ, ഉന്നത ഉദ്യോഗസ്ഥർ, വിഷയവുമായി ബന്ധപ്പെട്ട മേഖലകളിലെ വിദഗ്ധർ, ജനപ്രതിനിധികൾ, കർഷകർ തുടങ്ങിയവർ പങ്കെടുക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY

കല്യാൺ ഡവലപ്പേഴ്സിന്റെ ഇരുപത്തഞ്ചാമത് പദ്ധതി എ ഡിഫറൻറ് സ്റ്റോറി തേവരയിൽ

A DIFFERENT STORY
THEVARA, KOCHI

കൊച്ചി: കല്യാൺ ഡവലപ്പേഴ്സിൻറെ ഇരുപത്തഞ്ചാമത് നിർമാണ പദ്ധതി തേവരയിൽ ആരംഭിക്കുന്നു. സമാനതകളില്ലാത്ത എക്സ്ക്ലൂസീവ് ആഡംബരങ്ങളാണ് വേമ്പനാട്ട് കായലിലേയ്ക്ക് മിഴിതുറക്കുന്ന 'എ ഡിഫറൻറ് സ്റ്റോറി' എന്ന പേരിലുള്ള സൂപ്പർ ലക്ഷ്വറി സ്കൈ മാൻഷനുകളിലുള്ളത്. ആർക്കിടെക്ചറൽ മികവ് കൊണ്ടും അത്യാധുനികതയും ആഡംബരവും സൗന്ദര്യവും നിറഞ്ഞ സൗകര്യങ്ങൾകൊണ്ടും അതിമനോഹരമാണ് ഈ പദ്ധതി.

തേവര ഫെറി റോഡിലാണ് കല്യാൺ ഡവലപ്പേഴ്സിൻറെ 'എ ഡിഫറൻറ് സ്റ്റോറി' എന്ന സവിശേഷമായ സ്കൈ മാൻഷനുകൾ. കേരളത്തിലെ ഏറ്റവും വലിയതും സൂപ്പർ ലക്ഷ്വറി സൗകര്യങ്ങളുള്ളതുമായ 25 സ്കൈ മാൻഷനുകളാണ് ഇവിടെ ഒരുങ്ങുന്നത്. ഓരോന്നും പതിനായിരം മുതൽ പതിനോരായിരം വരെ ചതുരശ്രയടി വിസ്തീർണമുള്ളതാണ്. ഈ കായലോര വസതികളിൽ രണ്ടായിരം ചതുരശ്രയടി വിസ്തൃതിയിൽ ലാൻഡ്സ്കേപ്പ് ചെയ്ത ഡെക്ക് ടെറസ് സൗകര്യം സമാനതകളില്ലാത്ത ആഡംബരമൊരുക്കുന്നു. ഓരോ യൂണിറ്റുകൾക്കുമായി പ്രത്യേക എലിവേറ്ററുകൾ ഉള്ളതിനാൽ തികഞ്ഞ സ്വകാര്യത ഉറപ്പുനല്കുന്നു. രണ്ടരയേക്കർ സ്ഥലത്തായി ഉയർന്നുവരുന്ന പദ്ധതി വേമ്പനാട് കായലിൻറെ ഗാംഭീര്യം മുഴുവൻ നുകരാവുന്ന വിധമാണ് രൂപകല്പന ചെയ്തിരിക്കുന്നത്.

25000 ചതുരശ്രയടി വിസ്തൃതിയുള്ള പൊതുസൗകര്യങ്ങൾ മികച്ച ജീവിതശൈലിക്ക് അനുയോജ്യമായ രീതിയിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്. ആധുനിക സെക്യൂരിറ്റി മാനേജ്മെൻറ് സംവിധാനം, ഇവി ചാർജിംഗ് സൗകര്യം, സുസ്ഥിരതയ്ക്കു നല്കുന്ന പ്രാധാന്യം എന്നിവ ഈ പദ്ധതിയുടെ മികവുകളിൽ എടുത്തുപറയേണ്ടതാണ് ഹരിതനിർമാണ രീതികൾ പിന്തുടർന്ന് ഊർജക്ഷമതയുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയും മഴവെള്ള സംഭരണം ഉറപ്പുവരുത്തിയും പരിസ്ഥിതിക്ക് യാതൊരു കോട്ടവും വരുത്താതെയുള്ള നിർമാണരീതി കാത്തുസൂക്ഷിക്കുമ്പോൾത്തന്നെ ആധുനിക ജീവിതശൈലിക്കും സൗകര്യത്തിനും സുസ്ഥിരതയ്ക്കും വേണ്ട കാര്യങ്ങളെല്ലാം ഉറപ്പുവരുത്തുന്നുണ്ട്.

ഈയടുത്ത വർഷങ്ങളിൽ കൊച്ചിയിൽ സുഗന്ധവ്യഞ്ജനങ്ങൾ, സീ ഫുഡ്, ഐടി അധിഷ്ഠിത സേവനങ്ങൾ, അന്താരാഷ്ട്ര വ്യാപാരം എന്നിവയിൽ കുതിച്ചുചാട്ടം തന്നെയുണ്ടായെന്നും. അതുകൊണ്ടുതന്നെ അൾട്രാഹൈ നെറ്റ്വർത്ത് വ്യക്തികളുടെ വസതികൾക്കായുള്ള ആവശ്യങ്ങൾ വർദ്ധിച്ചുവരികയാണെന്നും കല്യാൺ ഡവലപ്പേഴ്സ് മാനേജിംഗ് പാർട്ണർ ആർ. കാർത്തിക് പറഞ്ഞു. പ്രകൃതിയുമായി സമാനതകളില്ലാതെ സമന്വയപ്പെട്ടിരിക്കുന്ന ചുറ്റുപാടുകൾ ലക്ഷ്വറി റിയൽ എസ്റ്റേറ്റ് നിക്ഷേപരംഗത്തെ പ്രധാന കേന്ദ്രം എന്ന നിലയിലുള്ള ഈ നഗരത്തിൻറെ ആകർഷണീയത വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ നഗരത്തിൻറെ സവിശേഷതകളെല്ലാം ഉപയോഗപ്പെടുത്തുന്നതിനൊപ്പം മുംബൈ, ഡൽഹി, ഗുഡ്ഗാവ്, ഡൗൺടൗൺ ദുബായ് എന്നിവിടങ്ങളിലെ ഏറ്റവും മികച്ച നിർമിതികളിലെ ആഡംബര്യ സൗകര്യങ്ങൾ കൂടി ഒരുക്കിക്കൊണ്ട് ദൈവത്തിൻറെ സ്വന്തം നാട്ടിൽ സമാനതകളില്ലാത്ത ജീവിതസൗകര്യങ്ങളോടെ ജീവിക്കുന്നതിനുള്ള അവസരമൊരുക്കുകയാണ് കല്യാൺ ഡവലപ്പേഴ്സിൻറെ പുതിയ പദ്ധതിയിലൂടെയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഈ പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയാറാക്കിയിരിക്കുന്നത് പ്രസിദ്ധമായ ദുബായ് മാളിൻറെ സൃഷ്ടാക്കളായ സിംഗപ്പൂരിലെ ഡിപി ആർക്കിടെക്ട്സാണ്. പദ്ധതിയുടെ നിർമാണവും ആഗോള ഗുണമേന്മാ നിലവാരം ഉറപ്പുവരുത്തുന്നതും യുകെയിലെ ജോൺസ് ലാംഗ് ലാസല്ലെയാണ്. 'എ ഡിഫറൻറ് സ്റ്റോറി'യിലെ സൗകര്യങ്ങൾ പ്രഫഷണലി മാനേജ് ചെയ്യുന്നത് പ്രമുഖ ഫെസിലിറ്റി മാനേജ്മെൻറ് കമ്പനിയായിരിക്കും.

ലോകോത്തര രൂപകൽപ്പനയും സവിശേഷമായ സൗകര്യങ്ങളും കൊച്ചി കായൽതീരത്തിൻറെ അനുപമമായ സൗന്ദര്യവും ഒന്നുചേരുന്ന ആഡംബര ജീവിത സൗകര്യങ്ങളാണ് 'എ ഡിഫറൻറ് സ്റ്റോറി'യിലൂടെ കല്യാൺ ഡവലപ്പേഴ്സ് അവതരിപ്പിക്കുന്നത്.

തേങ്ങാപ്പാലിൽ നിന്നുള്ള വീഗൻ ഐസ്ഡ്ക്രീം വിപണിയിൽ എത്തിക്കാനൊരുങ്ങി വെസ്റ്റ

കൊച്ചി: തേങ്ങാ പാൽ ഉപയോഗിച്ചു നിർമ്മിക്കുന്ന വീഗൻ ഐസ്ഡ്ക്രീം വിപണിയിലിറക്കാൻ ഒരുങ്ങി വെസ്റ്റ. ജന്തുജന്യ ഘടകങ്ങളായ പാലും മറ്റു ഉത്പന്നങ്ങളും ഒഴിവാക്കി സസ്യാധിഷ്ഠിത പാൽ ഉപയോഗിച്ച് നിർമ്മിക്കുന്നതാണ് വീഗൻ ഐസ്ഡ്ക്രീം. മുംബൈ, തമിഴ്നാട് എന്നിവടങ്ങളിൽ വീഗൻ ഐസ്ഡ് ക്രീം നിർമ്മിക്കുന്നുണ്ടെങ്കിലും ഇതാദ്യമായാണ് തേങ്ങാപ്പാൽ ഉപയോഗിച്ച് നിർമ്മിക്കുന്നത്. ഉത്പന്നം ഫെബ്രുവരി ആദ്യവാരം പുറത്തിറക്കും. കൊച്ചിയിൽ നടക്കുന്ന ചടങ്ങിൽ വെസ്റ്റ ബ്രാൻഡ് അംബാസിഡറും അഭിനേത്രിയുമായ കല്യാണി പ്രിയദർശൻ പ്രോഡക്ട് ലോഞ്ചിങ് നിർവഹിക്കും. വെസ്റ്റ കൊക്കോ പാം എന്ന പേരിൽ പുറത്തിറക്കുന്ന ഐസ്ഡ് ക്രീം വിവിധ രുചികളിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയാണ് ലക്ഷ്യം.

'കഴിഞ്ഞ ആറ് പതിറ്റാണ്ടായി കേരളത്തിൽ പാലുൽപ്പന്നങ്ങളും കാലിത്തീറ്റയും നിർമ്മിക്കുന്ന കെ.എസ്.ഇ ലിമിറ്റഡിന്റെ ഐസ്ക്രീം ബ്രാൻഡാണ് വെസ്റ്റ.

സുസ്ഥിരവും ആരോഗ്യകരവുമായ ഭക്ഷ്യ ഉത്പന്നം വിപണിയിൽ എത്തിക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം' കെ.എസ്.ഇ ചെയർമാൻ ടോം ജോസ് പറഞ്ഞു. കൊച്ചി, തിരുവനന്തപുരം, തൃശൂർ മേഖലകളിൽ കമ്പനിയുടെ റിസേർച്ച് ആൻഡ് ഡെവലപ്മെന്റ് ടീം നടത്തിയ സർവെയിൽ

VESTA
CocoPalm
COCONUT MILK ICECREAM
CHOCOLATE
VEGAN
KSE

പങ്കെടുത്ത 90 % ആളുകളും ആരോഗ്യവും പരിസ്ഥിതി പരവുമായ കാരണങ്ങളാൽ വീഗൻ ഐസ്ഡ്ക്രീം ലഭ്യമായാൽ ഉപയോഗിക്കാൻ താത്പര്യം പ്രകടിപ്പിച്ചവരാണ്. ഇത്തരത്തിൽ ആധുനിക ഉപഭോക്തൃ മൂല്യങ്ങൾ പരിഗണിച്ചാണ് വീഗൻ ഐസ്ഡ് ക്രീം വിപണിയിൽ എത്തിക്കാൻ ഒരുങ്ങുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

'സർവെയിൽ 60 ശതമാനത്തിന് മുകളിൽ ആളുകൾ ലാക്ടോസ് ഇൻടോളറൻസ് മൂലം ബുദ്ധിമുട്ടുന്നതായി കണ്ടെത്തിയിരുന്നു. പാലിലും പാലുത്പന്നങ്ങളിലുമുള്ള ലാക്ടോസ് ശരീരത്തിന് ഫലപ്രദമായി ദഹിപ്പിക്കാൻ കഴിയാത്ത അവസ്ഥയാണിത്.ഈ സാഹചര്യത്തിലാണ് ഐസ്ക്രീം പ്രേമികൾക്കായി ലാക്ടോസ് രഹിത ഉത്പന്നം നിർമ്മിക്കാൻ തീരുമാനിച്ചത് ' കെ.എസ്.ഇ മാനേജിങ് ഡയറക്ടർ എം പി ജാക്സൺ പറഞ്ഞു.

പശുവിൻ പാൽ അലർജിയുള്ളവർക്കും ലാക്ടോസ് ഇൻടോളറൻസ് ഉള്ളവർക്കും അനുയോജ്യമാണ് പൂർണമായും തേങ്ങാപാൽ ഉപയോഗിച്ചുള്ള വീഗൻ ഐസ്ഡ് ക്രീമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഉപഭോക്താക്കളുടെ ആവശ്യങ്ങളും ഇഷ്ടങ്ങളും മനസിലാക്കിയാണ് ഓരോ തവണയും പുതിയ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതെന്ന് കെ.എസ്.ഇ എക്സിക്യൂട്ടീവ് ഡയറക്ടർ പോൾ ഫ്രാൻസിസ് പറഞ്ഞു.

പ്രകൃതിദത്തമായ സുഗന്ധങ്ങളും നിറങ്ങളും മാത്രമാണ് അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്നത്.തമിഴ്നാട്ടിലെ തളിയത്ത്, തൃശ്ശൂരിലെ കോനിക്കര, കോഴിക്കോട് കാക്കഞ്ചേരി, കോട്ടയത്തെ വേദഗിരി എന്നിവിടങ്ങളിലാണ് വെസ്റ്റയുടെ ഉൽപ്പാദന യൂണിറ്റുകൾ പ്രവർത്തിക്കുന്നതെന്നും പോൾ ഫ്രാൻസിസ് പറഞ്ഞു.

ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾക്ക് പേരുകേട്ട ഇന്ത്യയിലെ ഏറ്റവും വലിയ കാലിത്തീറ്റ നിർമ്മാതാക്കളിൽ ഒന്നാണ് കെ.എസ്.ഇ. പ്രകൃതിദത്തമായ ചേരുവകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ഏറ്റവും ഗുണമേന്മയുള്ള പാലുൽപ്പന്നങ്ങൾ ആണ് കെ.എസ്.ഇ തയ്യാറാക്കുന്നത്.

റബ്കോ വിപണനമേളയ്ക്ക് നാളെ തുടക്കം

തിരുവനന്തപുരം: റബ്കോ ഉത്പന്നങ്ങളുടെ പ്രദർശനവും വില്പനയും പുതിയ ഉത്പന്നങ്ങളുടെ വിപണനോദ്ഘാടനവുമായി റബ്കോ ട്രേഡ് ഫെയർ2025 ന് നാളെ തിരുവനന്തപുരത്ത് തുടക്കമാകും.

ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി വി.എൻ. വാസവൻ മേളയുടെ ഉദ്ഘാടനം നിർവഹിക്കും. വട്ടിയൂർക്കാവ് എംഎൽഎ വി.കെ. പ്രശാന്ത് അധ്യക്ഷത വഹിക്കും.പുതിയ ഇനം മെത്തകളുടെ ലോഞ്ചിംഗ് മന്ത്രി വി.എൻ. വാസവനും ആദ്യവിൽപ്പന ആൻറണി രാജു എംഎൽഎയും നിർവഹിക്കും.

വിപണനമേളയിൽ റബ്കോ ഉത്പന്നങ്ങൾക്ക് ആകർഷകമായ ഡിസ്കൗണ്ട് നൽകുമെന്ന് സംഘാടകർ അറിയിച്ചു. രാവിലെ 11 മുതൽ രാത്രി പത്ത് വരെയാണ് മേള. ജനുവരി 31 ന് മേള അവസാനിക്കും.

മെഗാ പ്രമോഷൻ വിജയികൾക്ക് സമ്മാനങ്ങൾ നൽകി

നെടുമ്പാശേരി: സിയാൽ ഡ്യൂട്ടിഫ്രീ ആൻഡ് റീട്ടെയിൽ സർവീസസ് ലിമിറ്റഡ് (സിഡിആർഎസ്എൽ) 2024 ഓഗസ്റ്റ് ഒന്നുമുതൽ ഒക്ടോബർ 31 വരെ മഹീന്ദ്ര ആൻഡ് മഹീന്ദ്രയുമായി സഹകരിച്ചു നടത്തിയ ട്രിപ്പിൾ ഡിലൈറ്റ് മെഗാ പ്രമോഷൻറെ വിജയികൾക്ക് മെഗാ സമ്മാനമായ മഹീന്ദ്ര എക്സ്യുവി 3XO സമ്മാനിച്ചു.

അനിത ദാസൻ, നിവിൻ ടോമി എന്നിവരാണ് മഹീന്ദ്ര എക്സ്യുവി 3XO സ്വന്തമാക്കിയ ഭാഗ്യശാലികൾ.

സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് ഭാഗ്യശാലികൾക്ക് കാറുകളുടെ താക്കോൽ കൈമാറി.

സിഡിആർഎസ്എൽ മാനേജിംഗ് ഡയറക്ടർ സജി കെ. ജോർജ്, മഹീന്ദ്ര ആൻഡ് മഹീന്ദ്ര സ്റ്റേറ്റ് ഹെഡ് നാരായണൻ, വയലത്ത് മഹീന്ദ്ര സിഒഒ ഷിനു ഏബ്രഹാം, വയലത്ത് മഹീന്ദ്ര ഡിജിഎം മനോജ് മേനോൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

Sargaalaya
INTERNATIONAL ARTS & CRAFTS FESTIVAL
20 DEC 2024 - 6 JAN 2025
siacf
Incredible India

സർഗാലയ ഗ്ലോബൽ ഗേറ്റ് വേ പദ്ധതിക്ക് നൂറു കോടി രൂപയുടെ അനുമതി

കൊച്ചി: കലയുടേയും സംസ്ക്കാരത്തിൻറേയും കരവിരുതിൻറേയും ആഗോള ആഘോഷമായ സർഗാലയ ഇൻറർനാഷണൽ ആർട്ട്സ് ആൻറ് ക്രാഫ്റ്റ്സ് ഫെസ്റ്റിവലിന് കോഴിക്കോട് ഇരിങ്ങലിലുള്ള സർഗലയ ആർട്ട്സ് ആൻറ് ക്രാഫ്റ്റ് വില്ലേജിൽ തുടക്കമായി. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയുടെ സബ്സിഡിയറിയായ സർഗാലയ സംഘടിപ്പിക്കുന്ന ഈ പരിപാടി 2025 ജനുവരി ആറു വരെ നീണ്ടുനിൽക്കും. ലോകത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കലാകാരർ ഇവിടെ തങ്ങളുടെ കഴിവുകളും സാംസ്ക്കാരിക പാരമ്പര്യവും പ്രദർശിപ്പിക്കും.

സംസ്ഥാന വിനോദ സഞ്ചാര, പൊതുമരാമത്ത് മന്ത്രി പി എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ഇന്ത്യൻ ഒളിമ്പിക്സ് അസോസ്സിയേഷൻ പ്രസിഡൻറും എംപിയുമായ പി ടി ഉഷ അധ്യക്ഷത വഹിച്ചു. കേരള വിനോദ സഞ്ചാര വകുപ്പിൻറെ സഹകരണത്തോടെ ഉത്തര കേരളത്തെ സുസ്ഥിര വിനോദ സഞ്ചാര കേന്ദ്രമാക്കി വളർത്തിയെടുക്കാനുള്ള സർഗാലയ ഗ്ലോബൽ ഗേറ്റ് വേ ടു മലബാർ കൾചറൽ ക്രൂസിബിൾ പദ്ധതിക്ക് നൂറു കോടി രൂപയുടെ കേന്ദ്ര സർക്കാർ അനുമതി ലഭിച്ചതായി മന്ത്രി പി എ മുഹമ്മദ് റിയാസ് അറിയിച്ചു.

ആഗോള വിനോദ സഞ്ചാര മാപ്പിൽ സർഗാലയ സ്ഥാനം പിടിച്ചതായി ഇന്ത്യൻ ഒളിമ്പിക്സ് അസോസ്സിയേഷൻ പ്രസിഡൻറും എംപിയുമായ പി ടി ഉഷ പറഞ്ഞു. മലബാറിൻറെ വൈവിധ്യമാർന്ന സാംസ്കാരിക അനുഭവങ്ങൾ ഒരുമിപ്പിച്ച് അവതരിപ്പിക്കുവാൻ സർഗാലയക്ക് കഴിഞ്ഞുവെന്നും അവർ പറഞ്ഞു.

ഫെസ്റ്റിവലിൽ 15 രാജ്യങ്ങളിൽ നിന്നും 24 ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുമായി ഇരുന്നൂറിലേറെ കലാകാരറാണ് തങ്ങളുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നത്. ഹാൻഡ്‌ലൂം പ്രദർശനം, മുളയും മരവും കൊണ്ടുള്ള കരകൗശല വസ്തുക്കൾ, അറബിക് കാലിഗ്രഫി, പാത്ര നിർമാണം, തെയ്യത്തിൽ നിന്നു പ്രചോദനം ഉൾക്കൊണ്ടുള്ള പ്രദർശനങ്ങൾ തുടങ്ങിയവയെല്ലാം ഇവിടെയുണ്ട്. ഇതിനു പുറമെ പ്രാദേശിക, ആഗോള വിഭവങ്ങളുമായുള്ള ഇരുപതു ഭക്ഷണ സ്റ്റാളുകളുമുണ്ട്.

ലൈവ് പ്രദർശനങ്ങളുടെ നിര തന്നെയാണ് ഫെസ്റ്റിവലിൻറെ ഭാഗമായുള്ളത്. ജലം അവതരിപ്പിക്കുന്ന സമകാലിക നൃത്തം, ശരണ്യ സഹസ്രയുടെ കഥക്, ക്ലാസിക്കൽ ജെംസിൻറെ ജുഗൽബന്ദി തുടങ്ങിയവ ഫെസ്റ്റിവലിൻറെ ഭാഗമായി ഇതിനോടകം അരങ്ങേറി ജനുവരി രണ്ടിന് കണ്ണൂർ ഷെരീഫിൻറെ മാപ്പിള പാട്ടുകളും ജനുവരി മൂന്നിന് നമ്രതയുടെ ഗസലുകളും നാലിന് മിനി പിഎസ് നായരും സംഘവും അവതരിപ്പിക്കുന്ന ഭരതനാട്യവും അഞ്ചിന് രാജീവ് പുലവറിൻറെ പരമ്പരാഗത തോൽപ്പാവക്കൂത്തും നടത്തും.

ഫുഡ് സ്റ്റാളുകൾ, പുസ്തകോൽസവം, കാർട്ടൂൺ അക്കാദമിയുടെ കാർട്ടൂൺ സോൺ, കുട്ടികൾക്കായുള്ള ഹാൻഡിക്രാഫ്റ്റ് പരിശീലനം എന്നിവയ്ക്ക് പുറമേ അണ്ടർ വാട്ടർ ടണൽ എക്സിബിഷനും ഇവിടെ സജ്ജമാക്കിയിട്ടുണ്ട്.

പഞ്ചാബ് നാഷണൽ ബാങ്ക് പിസിഐഡിഎസ്എസ് വി4.0.1 സർട്ടിഫിക്കേഷൻ നേടി

ന്യൂഡൽഹി : മുൻനിര പൊതുമേഖലാ ബാങ്കുകളിലൊന്നായ പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) ബാങ്കിംഗ് പരിതസ്ഥിതിയിൽ കാർഡ് ഡാറ്റാ പരിരക്ഷയ്ക്കുള്ള ഗ്ലോബൽ ഗോൾഡ് മാനദണ്ഡമായ പിസിഐഡിഎസ്എസ് വി 4.0.1 (പേയ്മെന്റ് കാർഡ് ഇൻഡസ്ട്രി ഡാറ്റാ സെക്യൂരിറ്റി സ്റ്റാൻഡേർഡ്) സർട്ടിഫിക്കേഷൻ നേടി. കാർഡ് ഡാറ്റ ഉൾപ്പെടുന്ന എല്ലാ പ്രധാന പ്രക്രിയകളും സംവിധാനങ്ങളും കർശനമായ സുരക്ഷാ ആവശ്യകതകൾ നിറവേറ്റുന്നുവെന്നും ഉപഭോക്തൃ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നുവെന്നും പേയ്മെന്റ് സുരക്ഷാ ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നുവെന്നും ഈ സർട്ടിഫിക്കേഷൻ ഉറപ്പാക്കുന്നു.

വിസ, മാസ്റ്റർകാർഡ്, റുപേ കാർഡുകൾ എന്നിവയുടെ വിതരണക്കാരെന്ന നിലയിൽ, അന്താരാഷ്ട്ര മാനദണ്ഡങ്ങളോടെ വ്യവസായ പ്രമുഖ സമ്പ്രദായം നടപ്പാക്കുന്നതിനും ഉപഭോക്തൃ വിശ്വാസം ശക്തിപ്പെടുത്തുന്നതിനും ഉപഭോക്താവിന്റെ ഡാറ്റ സ്വകാര്യതയും സുരക്ഷയും ഉറപ്പാക്കുന്നതിനും ഉയർന്ന സുരക്ഷിതമായ സംവിധാനം നിർമ്മിക്കാനുള്ള ബാങ്കിന്റെ ഇൻഫ്രാസ്ട്രക്ചർ നവീകരിക്കുന്നതിൽ പിഎൻബി എല്ലായ്പ്പോഴും മുൻപന്തിയിലാണ്.

കൊച്ചിക്കാർക്കിഷ്ടം ചിക്കൻ ബിരിയാണി

കൊച്ചി. ഭക്ഷണക്കാര്യത്തിൽ കൊച്ചിക്കാർ പാരമ്പര്യത്തോടൊപ്പം പുതുമയും ഇരുകൈയ്യും നീട്ടി സ്വീകരിക്കുന്നതായി സ്വിഗ്ഗിയുടെ കണക്കുകൾ. കൊച്ചിയിൽ ചിക്കൻ ബിരിയാണിക്കൊപ്പം നോൺ വെജ് സ്ട്രിപ്പുകൾക്കും ചോക്കോ ലാവ കേക്കുകളും ദക്ഷിണേന്ത്യൻ ബ്രേക്ക്ഫാസ്റ്റിനും 2024ൽ ഏറെ ആവശ്യക്കാർ ഉണ്ടെന്ന് സ്വിഗ്ഗിയുടെ 2024ലെ കണക്കുകൾ വ്യക്തമാക്കുന്നു.

കൊച്ചിക്കാർക്ക് ഇഷ്ടപ്പെട്ട ഭക്ഷണത്തിൽ ചിക്കൻ ബിരിയാണി തന്നെയാണ് മുന്നിൽ. 2024ൽ 11 ലക്ഷം ബിരിയാണിയുടെ ഓർഡറാണ് സ്വിഗ്ഗി വഴി ഡെലിവർ ചെയ്യ്തിട്ടുള്ളത്. ലഘു ഭക്ഷണത്തിൽ ചിക്കൻ ഷവർമയാണ് ഒന്നാം സ്ഥാനത്ത്. 79,713 ഷവർമയാണ് സ്വിഗ്ഗി ഡെലിവർ ചെയ്യ്തിട്ടുള്ളത്. ചിക്കൻ റോളും ചിക്കൻ മോമോയുമാണ് രണ്ടും മൂന്നും സ്ഥാനത്തുള്ളത്. 19,381 ഓർഡറുകളുമായി ചോക്ലേറ്റ് ലാവ കേക്ക് ഒന്നാം സ്ഥാനത്തെത്തിയപ്പോൾ ചോക്ലേറ്റ് ക്രീം കേക്ക് തൊട്ട് പിറകിൽ തന്നെയുണ്ട്.

പ്രാതലിന് പ്രിയങ്കരം ദോശ തന്നെ. 2.23 ലക്ഷം ദോശയാണ് 2024ൽ ഓർഡർ ചെയ്യ്തത്. കടലക്കറിയും പൂരിയും ഇഡ്ഡലിയും കൊച്ചിക്കാർക്ക് പ്രിയപ്പെട്ടതാണ്. ഗീ മൈസൂർ പാക്കും, ചോക്കാ ലാവ കേക്കിനും മിൽക്ക് കേക്കിനും കിണ്ണത്തപ്പവുമാണ് മധുരത്തിൽ മുന്നിൽ നിൽക്കുന്നത്. ദീപാവലിക്കാലത്താണ് മധുരത്തോടുള്ള പ്രിയം പ്രകടമാകുന്നത്. വൈറ്റ് മിൽക്ക് ചോക്ലേറ്റ് കേക്കും സിനമൺ റോളും പാലട പായസവും കൊച്ചിക്കാരുടെ ആഘോഷ വേളകളെ ആനന്ദകരമാക്കുന്നു. 31 ലക്ഷം ഡിന്നർ ഓർഡറുകളാണ് ഈ വർഷം സ്വിഗ്ഗിക്ക് ലഭിച്ചത്. 17,622 രൂപ ചെലവിട്ട് 18 സ്പൈസി ചിക്കൻ മന്തി ഓർഡർ ചെയ്യ്ത ഒരു ഉപഭോക്താവാണ് ഏറ്റവും ഉയർന്ന തുകക്കുള്ള ഓർഡർ നൽകിയത്.

കൊച്ചിക്കാരുടെ ആഘോഷ വേളകളിൽ ഭാഗമായതിൽ അതീവ സന്തുഷ്ടരാണെന്ന് സ്വിഗ്ഗി ഫുഡ് മാർക്കറ്റ് പ്ലേസ് ചീഫ് ബിസിനസ് ഓഫീസർ സിദ്ധാർത്ഥ് ബാക്കു പറഞ്ഞു. 2024 ജനുവരി ഒന്ന് മുതൽ നവംബർ 22 വരെയുള്ള ഡാറ്റയനുസരിച്ചുള്ള കണക്കാണിത്.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !
SHOT AT OWN SITE
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE

THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065,
RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663